കേരള സർക്കാർ

# ലോക കേരള സഭ

## മൂന്നാം സമ്മേളനം

2022 ജൂൺ 16,17,18 | നിയമസഭാമന്ദിരം

# സമീപന രേഖ

**ലോകകേരളസഭ**
**മൂന്നാം സമ്മേളനം**
**2022 ജൂൺ 17, 18**
**സമീപന രേഖ**

**ഉള്ളടക്കം**


| | | പേജ് നം. |
|---|---|---|
| | ആമുഖം | 2–3 |
| ഭാഗം ഒന്ന് | രണ്ടാം ലോക കേരള സഭ സമ്മേളന നിർവ്വഹണം | 3–9 |
| ഭാഗം രണ്ട് | പ്രവാസത്തിന്റെ മാറുന്ന ഭൂപടം | 9–13 |
| ഭാഗം മൂന്ന് | പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും | 13–17 |
| ഭാഗം നാല് | പ്രവാസവും നാടിൻറെ വികസനവും | 17–23 |
| ഭാഗം അഞ്ച് | മൂന്നാം ലോക കേരള സഭയിൽ ചർച്ച ചെയ്യേണ്ട വിഷയ മേഖലകൾ | 23–25 |

**ആമുഖം**

ലോക കേരള സഭയുടെ രണ്ടാം സമ്മേളനം 2020 ജനുവരി 1,2,3 തീയതികളിൽ വിപുലമായ പ്രവാസ പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു. ഒന്നാം ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾ കൂടാതെ കേരളം നേരിട്ട മഹാപ്രളയങ്ങൾ ഉൾപ്പെടെയുള്ള വെല്ലുവിളികളും പ്രവാസലോകത്തെ പ്രശ്നങ്ങളും സാധ്യതകളും സഭയിൽ ചർച്ച ചെയ്യുകയുണ്ടായി. പ്രവാസികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ നയരൂപീകരണത്തിന് സഹായകമാകുന്ന നിർദേശങ്ങൾ കൂടാതെ നവകേരള നിർമ്മാണത്തിന് സഹായകമാകുന്ന ആശയങ്ങളും സഭയിൽ ഉയർന്നു വന്നു. മഹാമാരിയുടെ സാഹചര്യം സർക്കാരിൻറെ മുൻഗണന ക്രമങ്ങളിൽ മാറ്റം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും പ്രവാസത്തിനും പ്രവാസിക്കും അകം കേരളം നൽകുന്ന പ്രാധാന്യം വെളിവാക്കുന്നതാണ് മൂന്നാം ലോക കേരള സഭ നടത്തുവാനുള്ള തീരുമാനം.

സംസ്ഥാനത്തിനു പുറത്ത് ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, വ്യാവസായിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി അവർക്ക് ഒരു പൊതുവേദി എന്നതാണ് ലോക കേരള സഭയുടെ രൂപീകരണം കൊണ്ട് സാധ്യമായത്.

ലോകകേരളസഭയുടെ പ്രഥമ സമ്മേളനം സൃഷ്ടിച്ച ആവേശവും ഉത്സാഹവും നിലനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ലോക കേരള സഭയിലും ഉണ്ടായത്. ആതിഥേയ പ്രദേശങ്ങളിലെ കേരളീയ കൂട്ടായ്മകൾക്കു കൈവന്ന വർധിത ഉത്സാഹം, പ്രവാസികളെ ഉൾക്കൊള്ളുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാർ – സർക്കാർ ഇതര ഏജൻസികൾ കാണിക്കുന്ന പ്രത്യേക താൽപര്യം, അതിനോട് പൂർവ്വാധികം താൽപര്യത്തോടു കൂടി പ്രതികരിക്കുന്ന പ്രവാസി സമൂഹത്തിന്റെ സമീപനം എന്നിവയിലെല്ലാം ഇത് ദൃശ്യമാണ്. ഇതിലെല്ലാം ഉപരിയായി കോവിഡ് മഹാമാരി സൃഷ്ടിച്ച വെല്ലുവിളികൾ ഏറ്റവും അധികം നേരിട്ട ഒരു സമൂഹമെന്ന നിലയിൽ പ്രവാസികൾ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ജാതി–മത–വർഗ്ഗ–രാഷ്ട്ര ഭേദമന്യേയുള്ള കൂട്ടായ്മ മലയാളികൾക്കും പ്രവാസികൾക്കും ഇടയിൽ രൂപമെടുക്കാൻ ലോക കേരള സഭ മുന്നോട്ടു വച്ച ആശയങ്ങൾ കൂടി കാരണമായി എന്നത് തീർച്ച.

ലോക കേരള സഭ രണ്ടു വർഷത്തിൽ ഒരിക്കലെങ്കിലും യോഗം ചേരണം എന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്. ലോകകേരളസഭയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാർ പാലിക്കുന്ന കൃത്യനിഷ്ഠയും തികഞ്ഞ ഉത്തരവാദിത്വബോധവുമാണ് മൂന്നാം സമ്മേളനം സമയബന്ധിതമായി ചേരുവാൻ തീരുമാനിച്ചതിനു കാരണം.

സഭയിലെ 351 അംഗങ്ങളിൽ കേരളത്തിലെ നിയമസഭാ സാമാജികർ, പാർലമെന്റ് അംഗങ്ങൾ, കേരള സർക്കാർ നാമനിർദ്ദേശം ചെയ്ത പ്രവാസികൾ, തിരികെയെത്തിയ പ്രവാസികളുടെ പ്രതിനിധികൾ എന്നിവരാണ് ഉൾപ്പെടുന്നത്. ഇന്ത്യക്ക് അകത്തുനിന്നും പുറത്തുനിന്നും തിരഞ്ഞെടുത്ത പ്രവാസികളെ തൊഴിൽ, ലിംഗപദവി, തങ്ങളുടെ രാജ്യങ്ങളിൽ ജീവിക്കുന്ന മലയാളികളുടെ എണ്ണം, പ്രവാസി സമൂഹത്തിന് നൽകുന്ന സംഭാവനകൾ എന്നീ വസ്തുതകൾ പരിശോധിച്ചാണ് തിരഞ്ഞെടുക്കുന്നത്. കൂടാതെ ഇന്ത്യൻ പൗരത്വം ഇല്ലാത്തവരായ പ്രമുഖ കേരളീയർ ഉൾപ്പെടെയുള്ളവരെ പ്രത്യേക ക്ഷണിതാക്കളായും ഉൾപ്പെടുത്തുന്നു. ലോക കേരള സഭ ഒരു സ്ഥിരം സഭയാണ്. പക്ഷെ,

രണ്ടുസമ്മേളങ്ങൾക്കിടയിൽ മൂന്നിലൊന്നു അംഗങ്ങൾ വിരമിയ്ക്കേണ്ടതുണ്ട്. രണ്ടാം സമ്മേളനത്തിൽ ഒഴിവായ അംഗങ്ങളുടെ സ്ഥാനത്തു പുതിയതായി മൂന്നിലൊന്നു അംഗങ്ങൾ ലോകകേരളസഭയുടെ ഭാഗമാകുന്നതാണ്.

നേരത്തെ നാം എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വന്ന പരിമിതികൾ മനസ്സിലാക്കി അവ നടപ്പിലാക്കുവാൻ നമുക്ക് കഴിയണം. അതുപോലെതന്നെ ഉരുത്തിരിഞ്ഞു വന്ന സാധ്യതകളെ മനസ്സിലാക്കി ലോകകേരള സഭയുടെ ലക്ഷ്യങ്ങൾക്ക് അകത്തുനിന്നുകൊണ്ട് പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും കഴിയേണ്ടതുണ്ട്.

സമീപനരേഖയ്ക്ക് ആമുഖത്തിനു പുറമെ അഞ്ചു ഭാഗങ്ങളാണ് ഉള്ളത്.

ഒന്നാം ഭാഗത്ത് പരിശോധിക്കുന്നത് രണ്ടാം ലോകകേരളസഭയുടെ സമ്മേളനത്തിന്റെ തീരുമാനങ്ങളും അവയുടെ നടത്തിപ്പുമാണ്.

രണ്ടാം ഭാഗത്ത് ചർച്ച ചെയ്യുന്നത് പ്രവാസത്തിന്റെ ഭൂപടത്തിൽ വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളാണ്.

മൂന്നാം ഭാഗത്ത് അവതരിപ്പിക്കുന്നത് പ്രവാസവും പ്രവാസികളും നേരിടുന്ന പ്രശ്നങ്ങളാണ്.

നാലാം ഭാഗത്ത് പ്രവാസി സമൂഹത്തിന് കേരളത്തിന്റെ വികസനത്തിനു നൽകാൻ കഴിയുന്ന പല രൂപത്തിലുള്ള സംഭാവനകളേയും അവ ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളേയും കുറിച്ചാണ് പ്രതിപാദിക്കുന്നത്.

അഞ്ചാം ഭാഗത്ത് മൂന്നാം സമ്മേളനത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ട വിഷയ മേഖലകൾ പ്രതിപാദിക്കുന്നു.

1. **ഭാഗം ഒന്ന്**

**രണ്ടാം ലോക കേരള സഭ സമ്മേളന നിർവ്വഹണം**

രണ്ടാം ലോക കേരള സഭയുടെ യോഗം കഴിഞ്ഞു 3 മാസങ്ങൾക്ക് ഉള്ളിൽ കോവിഡ് മഹാമാരി ലോകത്തെ കീഴടക്കി കഴിഞ്ഞിരുന്നു. സഭയുടെ തീരുമാനങ്ങൾ നടപ്പിലാക്കുവാനോ കൂടുതൽ ചർച്ചകൾ സംഘടിപ്പിക്കുവാനോ സർക്കാരിനും ലോക കേരള സഭാ സെക്രട്ടറിയേറ്റിനും പരിമിതികൾ ഉണ്ടായിരുന്നു. എന്നിരുന്നാലും കോവിഡിനോടുള്ള പോരാട്ടത്തിൽ ആദ്യം മുന്നിട്ടിറങ്ങിയത് പ്രവാസികൾ ആയിരുന്നു. ഗൾഫ് രാജ്യങ്ങളിലും യൂറോപ്യൻ നാടുകളിലും ലോക കേരള സഭ അംഗങ്ങളുടെ കൂടി പിന്തുണയോടെ പ്രവാസി സമൂഹം നടത്തിയ ചെറുത്തുനിൽപ്പ് ശ്ലാഘനീയമായിരുന്നു. ലോക കേരള സഭാ അംഗങ്ങൾ ഉൾപ്പടെ നിരവധി പ്രവാസികൾക്ക് മഹാമാരിയോടുള്ള പോരാട്ടത്തിൽ ജീവൻ നഷ്ടപ്പെടുകയുണ്ടായി. ഈ പ്രതിസന്ധിയെ തരണം ചെയ്തത് അകം കേരളവും പുറം കേരളവും തമ്മിലുള്ള യോജിച്ച പ്രവർത്തനങ്ങളിൽ വഴിയാണ്. തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് കഴിയുന്നത്ര സഹായങ്ങൾക്ക് നൽകിയും ക്വാറൻടീൻ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തിയും വിദേശരാജ്യങ്ങളിൽ മലയാളി സമൂഹം പ്രതിരോധം തീർത്തു. കുടുങ്ങി പോയവരെ തിരികെയെത്തിക്കുവാനും അകം കേരളത്തിൻറെ കോവിഡ് പ്രവർത്തനങ്ങൾക്ക് ശക്തിപകരുവാനും പ്രവാസികൾക്ക് സാധിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് പ്രവാസി സമൂഹത്തിന്റേതായി ഉണ്ടായിരുന്ന പിന്തുണ വളരെ വലുതാണ്.

ഇടതു പക്ഷ ജനാധിപത്യ മുന്നണി സർക്കാരിനു ഭരണതുടർച്ച ലഭിച്ച കാലം കൂടിയാണ് കടന്നു പോയത്. പുതിയ സർക്കാർ നടത്തിവന്ന വികസനപ്രവർത്തനങ്ങൾ പൂർവാധികം ശക്തിയോടെ നടപ്പിലാക്കുവാൻ ഈ വിജയം സഹായിക്കും എന്നത് തീർച്ച. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നടുവിലും ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കുവാനും ബൃഹത്തായ വികസന കാഴ്ചപ്പാടോടെ പുതിയ വികസന പദ്ധതികൾ ആരംഭിക്കുവാനും ഈ കാലയളവിൽ കഴിഞ്ഞു.

കോവിഡ് കാലത്ത് പ്രവാസി ക്ഷേമം ഉറപ്പിലാക്കുന്ന നിരവധി ഇടപെടലുകളും പദ്ധതികളും സംസ്ഥാന സർക്കാർ നടപ്പിലാക്കി. പ്രവാസി സമൂഹത്തിന്റെ സാഹചര്യം മനസ്സിലാക്കുന്നതിനും അവരുടെ പരാതികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും നോർക്കാ റൂട്ട്സിൽ കോവിഡ് റെസ്പോൺസ് സെൽ രൂപീകരിച്ചു. ഇതിൽ നാളിതുവരെയായി 4000 ത്തോളം പരാതികൾ ഇമെയിൽ മുഖാന്തിരവും 66740 പരാതികൾ നോർക്ക കോൾ സെന്റർ മുഖാന്തിരവും ലഭിച്ചിരുന്നു. ഈ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കഴിയുന്നത്ര ഇടപെടലുകൾ നടത്തിയിരുന്നു. കൂടാതെ കോവിഡ് കാലത്ത മുഖ്യമന്ത്രി പ്രവാസികളുമായി വീഡിയോ കോൺഫറൻസ് മുഖാന്തിരം ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിദേശ രാജ്യങ്ങളിൽ കഴിയുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിന് മലയാളി സംഘടനകളുടെയും ലോക കേരള സഭാംഗങ്ങളുടെയും സഹായത്തോടെ 14 രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. പ്രവാസികളുടെ വിവരശേഖരണം കോവിഡ്കാലത്ത് അത്യന്താപേക്ഷിതമായിരുന്നു. പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് അവർക്ക് ആവശ്യമായ അനുബന്ധ സംവിധാനങ്ങൾ സംസ്ഥാനത്ത് സജ്ജമാക്കുന്നതിന് നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ പ്രവാസികൾക്കായി നോർക്ക റജിസ്ട്രേഷൻ 26.04.2020 ന് ആരംഭിച്ചിരുന്നു. വിവിധ കാരണങ്ങളാൽ നാട്ടിലേയ്ക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന 561302 വിദേശ പ്രവാസി മലയാളികൾ നോർക്കയിൽ രജിസ്റ്റർ ചെയ്തിരുന്നു. കൂടാതെ പ്രവാസികൾക്ക് നാട്ടിലെ ഡോക്ടർമാരുടെ ഓൺലൈൻ സേവനം, ടെലികൗൺസിലിംഗ് സേവനം എന്നിവ ഏർപ്പെടുത്തുകയും ലോക്ക് ഡൗൺ കാലയളവിൽ വിദേശത്ത് മരുന്ന് എത്തിക്കുവാൻ ക്വറിയർ, കാർഗോ സംവിധാനങ്ങൾ നോർക്ക ഏർപ്പെടുത്തി.

ഇതര സംസ്ഥാനത്ത് കുടുങ്ങിയ മലയാളികൾക്കായി നോർക്ക രജിസ്ട്രേഷൻ തുടങ്ങുകയും വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തുവാൻ ട്രെയിൻ സർവ്വീസുകൾ ഏർപ്പെടുത്തുകയും ചെയ്തു. ഇതിനെല്ലാം ഉപരിയായി ലോകരാജ്യങ്ങൾ മാതൃകയാക്കിയ ഇടപെടലാണ് സംസ്ഥാന സർക്കാർ പ്രവാസികൾക്ക് നൽകിയ സാമ്പത്തിക സഹായം. വിദേശ രാജ്യങ്ങളിൽ നിന്നും അവധിക്ക് നാട്ടിൽ തിരിച്ചെത്തി ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5000 രൂപ വീതം അടിയന്തിര ധനസഹായം അനുവദിച്ചിരുന്നു. ഈ പദ്ധതിയിലേക്ക് അപേക്ഷിച്ച പ്രവാസികളിൽ നാളിതുവരെ 134823 പ്രവാസികൾക്കായി ആകെ 67.4 കോടി രൂപ നൽകിയിട്ടുണ്ട്. കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും പ്രവാസി ക്ഷേമനിധി ബോർഡിൻറെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10000/– രൂപ ധനസഹായം അനുവദിക്കുകയും ഇതിൽ നോർക്ക റൂട്ട്സ് മുഖേന 200 പേർക്കായി ആകെ 20 ലക്ഷം രൂപ ചികിത്സാസഹായം നൽകുകയും ചെയ്തു.

കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് വിദേശരാജ്യങ്ങളിൽ നിന്നും മടങ്ങിവന്ന പ്രവാസികൾക്കായി 2000 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു. അന്താരാഷ്ട്ര കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്തു നൈപുണ്യ കേന്ദ്രങ്ങൾ, തിരികെ എത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുന്നതിന് സ്വയം തൊഴിൽ പദ്ധതി, തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ടി വിദ്യാഭ്യാസ സഹായം, പ്രവാസി പാർപ്പിടം, മെഡിക്കൽ ഇൻഷുറൻസ് ഫണ്ട് എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പാക്കുന്നതിലേക്കായാണ് കേന്ദ്ര സഹായം അഭ്യർത്ഥിച്ചത്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂലമായ പ്രതികരണങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

കോവിഡ് കാലത്തെ പ്രത്യേക പദ്ധതികൾ കൂടാതെ നിലവിലുള്ള നോർക്കയുടെ വിവിധ ക്ഷേമ പദ്ധതികൾ കൂടുതൽ പ്രവാസികളിലേക്ക് എത്തിക്കുവാൻ കഴിഞ്ഞ രണ്ടു വർഷക്കാലം കഴിഞ്ഞു. പ്രവാസികൾക്കായുള്ള ഇന്ത്യയിലെ ആദ്യ വകുപ്പായ നോർക്ക കഴിഞ്ഞ 25 വർഷക്കാലമായി പ്രവാസികൾക്കായി മികച്ച സേവനമാണ് നടത്തി

വരുന്നത്. ഒരുപക്ഷേ ഒട്ടുമിക്ക രാജ്യങ്ങളിലും ഉള്ളതിനേക്കാൾ കഴിവുറ്റ പ്രവർത്തനമാണ് നോർക്കയും അതിൻറെ ഫീൽഡ് ഏജെൻസി ആയ നോർക്കാ-റൂട്ട്സും നടത്തി വരുന്നത്. നോർക്കയുടെ ഏറ്റവും പ്രധാന ക്ഷേമ പദ്ധതിയായ സാന്ത്വന വഴി ബഡ്ജറ്റ് വിഹിതമായ 30 കോടി രൂപ പൂർണ്ണമായും ചിലവഴിച്ചു. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM), കോവിഡ് മൂലം തൊഴിൽ നഷ്ടപെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയായ പ്രവാസി ഭദ്രത എന്നിവ വഴി മികച്ച പുനരധിവാസ പദ്ധതികൾക്ക് രൂപം കൊടുക്കാൻ സാധിച്ചു. പ്രവാസി ഭദ്രത പദ്ധതി പ്രകാരം 4,416 സംരംഭങ്ങളാണ് സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുള്ളത്. പ്രവാസികൾക്കുള്ള മറ്റ സേവനങ്ങളായ ഗ്ലോബൽ കോൺടാക്ട് സെന്റർ, എമർജൻസി ആംബുലൻസ് സർവ്വീസ്, പ്രവാസി നിയമ സഹായ സെൽ, എമർജൻസി റിപാടിയേഷൻ ഫണ്ട് മഹാമാരിക്കാലത്തും പ്രവാസികൾക്ക് കൈത്താങ്ങായി.

ഇതര പദ്ധതികളായ പ്രവാസി രക്ഷാ ഇൻഷ്വറൻസ് പോളിസി, ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ, സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം, തൊഴിൽ വിപണിയിലെ തൊഴിലുടമയ്ക്കും ജീവനക്കാർക്കും സൗകര്യമൊരുക്കുന്നതിനായി റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യം വികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച മാർക്കെറ്റ് റിസർച്ച് വിഭാഗം എന്നിവയും ഇക്കാലയളവിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചു. നോർക്ക റൂട്ട്സിന്റെ റിക്രൂട്ട്മെന്റ് വിഭാഗം മഹാമാരിക്കാലത്ത് പോലും പുതിയ തൊഴിലിടങ്ങൾ കണ്ടെത്തുന്നതിൽ വിജയിച്ചു. .നോർക്ക റൂട്ട്സും ജർമ്മൻ സർക്കാർ ഏജൻസിയായ ഫെഡറൽ എംപ്ലോയ്മെൻറ് ഏജൻസിയും തമ്മിൽ ജർമ്മനിയിലേയ്ക്ക് നഴ്സമാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ട്രിപ്പിൾ വിൻ കരാർ 2021 ഡിസംബർ മാസം രണ്ടാം തീയതി ഒപ്പ് വച്ചിട്ടുണ്ട്. വിദഗ്ധ തൊഴിലാളികൾക്ക് ജപ്പാനിൽ പ്രത്യേക "Status of Residence" ഒരുക്കുന്ന SSW പ്രോഗ്രാമിനു കേരളത്തിൽ നിന്നുള്ള നോഡൽ ഏജൻസിയായി നോർക്കയെയാണ് വിദേശകാര്യ മന്ത്രാലയം തിരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ മാലിദ്വീപ്, സൗദിഅറേബ്യ, യുകെ തുടങ്ങിയ രാജ്യങ്ങളുമായി ആരോഗ്യ പ്രവർത്തകരുടെ റിക്രൂട്ട്മെൻറ് അടക്കമുള്ളവയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

കോവിഡ് പ്രതിസന്ധി കാലത്ത് നടത്തിയ ഇടപെടൽ പോലെ തന്നെ പ്രാധാന്യം അർഹിക്കുന്നതാണ് ഉക്രൈൻ പ്രതിസന്ധിയിൽ നോർക്ക നടത്തിയ ഇടപെടലുകൾ. ലോക കേരള സഭാ അംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ ഏകോപനത്തോടെയാണ് നോർക്ക ഇടപെടലുകൾ ഫലപ്രദമായി നടപ്പിലാക്കിയത്. ഉക്രൈനിൽ അകപ്പെട്ട മലയാളി വിദ്യാർത്ഥികളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്നതിന് രജിസ്ട്രേഷൻ ആരംഭിക്കുകയും 24 മണിക്കൂർ ഹെൽലൈൻ ആരംഭിക്കുകയും ചെയ്തു. യുക്രൈൻ അതിർത്തി കടന്ന് മാൾഡോവ, പോളണ്ട്, റൊമാനിയ എന്നീ രാജ്യങ്ങളിൽ എത്തിയ വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ലോക കേരള സഭാ അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ മലയാളി സംഘടനകൾ നടത്തുകയുണ്ടായി.

നോർക്കാ-റൂട്സ് പോലെ തന്നെ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്ന സ്ഥാപനങ്ങളാണ് പ്രവാസി ക്ഷേമനിധി ബോർഡും മലയാളം മിഷനും. ക്ഷേമനിധി അംഗങ്ങളുടെ എണ്ണം ഏഴ ലക്ഷത്തിലേക്ക് ഉയർത്തുവാനും സംസ്ഥാന വികസനത്തിന് തന്നെ മുതൽക്കൂട്ടാകുന്ന പ്രവാസി ഡിവിഡൻറ് പദ്ധതി വിജയകരമായി മുന്നോട്ടു കൊണ്ട് പോകാനും ക്ഷേമനിധി ബോർഡിനു സാധിക്കുന്നുണ്ട്. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിൻറെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിൻറെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ മുന്നോട്ട് വയ്ക്കുന്ന നൂതന ദീർഘകാല നിക്ഷേപ പദ്ധതിയാണ് 'പ്രവാസി ഡിവിഡൻറ് പദ്ധതി'. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ജീവിതാവസാനം വരെ ഉറപ്പാക്കപ്പെട്ട മാസവരുമാനം ലഭ്യമാകുന്നു

എന്നത് ഇതിൻറെ ഏറ്റവും വലിയ സവിശേഷതയാണ്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽ നിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കുന്നതുമാണ്. നിലവിൽ പ്രവാസി ഡിവിഡൻറ് പദ്ധതിയിലെ നിക്ഷേപം മുന്നൂറു കോടി കവിഞ്ഞു. മലയാള ഭാഷയുടെ പ്രചരണം ലക്ഷ്യമാക്കി പ്രവർത്തനം നടത്തുന്ന മലയാളം മിഷൻ പ്രവാസികളുടെ ഇടയിൽ മികച്ച പ്രവർത്തനമാണ് നടത്തുന്നത്. ഇന്ത്യയുടെ 24 സംസ്ഥാനങ്ങളിലും 43 രാജ്യങ്ങളിലുമായി മലയാളം മിഷൻ പ്രവർത്തിച്ചു വരുന്നു. 50000ത്തിൽ പരം വിദ്യാർത്ഥികൾ ഓൺലൈൻ മുഖാന്തിരവും മലയാളം മിഷൻ ആപ്പ് മുഖേനെയും പഠിതാക്കളാണ്. കൂടാതെ പ്രവാസലോകത്ത് നിന്ന് ഉൾപ്പെടെ 6000ത്തിലധികം അധ്യാപകർ മലയാളം മിഷൻറെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരികവും സാമൂഹികവുമായ ലോക മലയാളിയുടെ കൂടിച്ചേരലുകൾക്ക് ഇത്തരം സംവിധാനങ്ങളുടെ പ്രവർത്തനം സഹായിക്കുന്നുണ്ട്.

ഈ കഴിഞ്ഞ രണ്ടു വർഷം കേരളത്തിൽ നാളിതുവരെ കാണാത്ത വികസന പദ്ധതികൾക്കാണ് നാം സാക്ഷ്യം വഹിച്ചത്. കോവിഡിനെതിരെ പ്രതിരോധം തീർത്ത അതെ അർജ്ജവത്തിൽ ജനക്ഷേമപരമായ നിരവധി പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയത്. വെല്ലുവിളികൾ നിറഞ്ഞ കഴിഞ്ഞ രണ്ടു വർഷക്കാലം കഴിഞ്ഞ സർക്കാർ പ്രകടന പത്രികയിൽ മുന്നോട്ടുവച്ച ഒട്ടു മിക്ക പദ്ധതികളും നടപ്പിലാക്കി തിരഞ്ഞെടുപ്പിനെ നേരിടുകയും അർഹിച്ച തുടർഭരണം നേടുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ലോക ശ്രദ്ധ നേടിയതും ആരോഗ്യരംഗത്തെ മികവുറ്റ പ്രവർത്തനങ്ങളുടെയും ഫലമായി നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാമതായി. കൂടാതെ കഴിഞ്ഞ വർഷങ്ങളിലെ ഭരണമികവിന്റെ പ്രതിഫലനമായി പബ്ലിക് അഫയേർസ് ഇൻഡക്സ് 2021ൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചു. നീതി ആയോഗിന്റെ ദേശിയ മൾട്ടി ഡയമെൻഷനൽ ദാരിദ്ര്യ സൂചികയിൽ ഏറ്റവും കുറവ് ദാരിദ്ര്യം ഉള്ള സംസ്ഥാനമായി കേരളം (0.71%) തുടരുന്നു. കോവിഡ് സമയത്തെ ഏറ്റവും വലിയ വിപ്ലവം ഓൺലൈൻ വിദ്യാഭ്യാസ സംവിധാനങ്ങളുടെ ഉപയോഗത്തിലുള്ള വർധനവാണ്. കേരളം ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ ഒന്നാമതാണ്. അന്വൽ സ്റ്റാറ്റസ് ഓഫ് എഡ്യുക്കേഷൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ 91 ശതമാനം ഗ്രാമങ്ങളിലെ കുട്ടികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭിക്കുന്നു എന്നതാണ്. കൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും മികച്ച വാക്സിനേഷൻ ഡ്രൈവിനും ആരോഗ്യ രംഗത്തെ സൗജന്യ ചികിത്സയ്ക്കും വയോജന പരിപാലനത്തിനും കേരളത്തിന് ഇക്കാലയളവിൽ നിരവധി അംഗീകാരം ലഭിക്കുകയുണ്ടായി. ഏറ്റവും പ്രധാനമായി എല്ലാ വീട്ടിലും ഭക്ഷ്യ കിറ്റുകൾ എത്തിക്കാൻ കഴിഞ്ഞതും കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി വഴി കുറഞ്ഞ ചിലവിൽ ഭക്ഷണം എത്തിക്കാൻ സാധിച്ചതും മഹാമാരി കാലത്തെ സർക്കാർ ഇടപെടലുകളുടെ വ്യാപ്തി വെളിവാക്കുന്നതാണ്.

കാർഷിക രംഗത്തെ ഉത്പാദനം വർധിപ്പിച്ചതും സ്വയംപര്യാപ്തത ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഉർജ്ജസ്വലമായി നടക്കുന്നതും കാർഷിക രംഗത്തെ എടുത്തു പറയേണ്ട നേട്ടങ്ങളാണ്. മികച്ച നിക്ഷേപങ്ങൾ ആകർഷിച്ചും നിലവിലുള്ള സർക്കാർ-സ്വകാര്യ മേഖലകളിലെ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചും വ്യവസായ രംഗത്ത് കേരളം ഇക്കാലയളവിൽ വലിയ മുന്നേറ്റമാണ് നടത്തിയത്. കെ-സ്വിഫ്റ്റ് സംവിധാനം മികച്ച ചെറുകിട-വൻകിട നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിൽ വലിയൊരു പങ്കു വഹിക്കുന്നുണ്ട്. പ്രവാസി ക്ഷേമനിധി ഉൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ വർധിപ്പിച്ചു കൃത്യസമയത്ത് ജനങ്ങളിലേക്ക് എത്തിക്കാനായതും സ്മാർട്ട് റേഷൻ കടകൾ ഉൾപ്പെടെ ആരംഭിച്ചു പൊതുവിതരണ സംവിധാനം മികവുറ്റതാക്കുവാനായതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. ഏറ്റവും ഉപരിയായി ഭാവി കേരളത്തിൻറെ വികസനത്തിന് മുതൽക്കൂട്ടാകുന്ന പശ്ചാത്തല വികസനം ലക്ഷ്യമിടുന്ന പദ്ധതികളായ കൊച്ചി-ബംഗ്ലൂർ വ്യാവസായിക ഇടനാഴി, ദേശീയ ജലപാത, കൊച്ചി വാട്ടർ മെട്രോ, കഴക്കൂട്ടത്തെ

സംയോജിത ഐടി ടൌൺഷിപ്പ് ആയ ടെക്നോസിറ്റി, കെറെയിൽ എന്നിവയുടെ പല ഘട്ടത്തിലുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സർക്കാരിനായി. കേഫോൺ പോലെയുള്ള സേവന പദ്ധതികൾ അതിൻറെ അന്തിമഘട്ടത്തിലാണ്. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി 14 വകുപ്പുകളിലായി 7910.2 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാവുന്നത്. അതിൽ 1000 കോടി രൂപ സർക്കാർ ചിലവഴിച്ചു കഴിഞ്ഞു.

നേടിയ നേട്ടങ്ങളെ സംരക്ഷിക്കാനും പുതിയ മേഖലകളിലേക്ക് കടന്നുചെല്ലുന്നതിനുമുള്ള വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ മേഖലയെ വികസിപ്പിക്കാനും അതിൻറെ ഗുണനിലവാരം മെച്ചപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ലോകത്തെ ആരോഗ്യ മേഖലയിലെ ഉന്നതമായ കേന്ദ്രമാക്കി കേരളത്തെ പരിവർത്തിപ്പിക്കുക എന്ന കാഴ്ചപ്പാടും ഇതോടൊപ്പം മുന്നോട്ടുവയ്ക്കുന്നുണ്ട്. വിപുലമായ അടിത്തറയാൽ സമ്പന്നമായ ആരോഗ്യ മേഖലയിൽ അതിവിദഗ്ധമായ ചികിത്സകൾ ഉൾപ്പടെ കൊണ്ടുവരുന്ന ഒരു സമീപനമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ടൂറിസം പോലുള്ള മേഖലയിൽ പുതിയ നിക്ഷേപകരെ കൊണ്ടുവരാനും ആ മേഖലയെ മുന്നോട്ടുകൊണ്ടുപോകാനും സർക്കാർ ലക്ഷ്യം വയ്ക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗത്തെ വികസന സാധ്യതകളെയെല്ലാം ഉപയോഗപ്പെടുത്തുക എന്നതും പ്രധാനമാണ്. അതുവഴി ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർധിപ്പിച്ച് അവ നീതിയുക്തമായി വിതരണം ചെയ്യുക എന്ന സമീപനമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് മാത്രമെ നിലവിലുള്ള സാമൂഹ്യ സുരക്ഷ പദ്ധതികൾ ഉൾപ്പടെ മുന്നോട്ട് കൊണ്ടുപോകാനാകൂ. അതിനായി സംസ്ഥാനത്തെ എല്ലാ മേഖലകളെയും മെച്ചപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. അതിനായി മേഖലകളിലെല്ലാം സർക്കാറിന്റെ ഇടപെടൽ മെച്ചപ്പെടുത്തുമ്പോൾ തന്നെ സ്വകാര്യ നിക്ഷേപത്തെയും നാടിന്റെ താൽപര്യത്തെ ഹനിക്കാത്ത വിദേശ നിക്ഷേപങ്ങളെയും സ്വീകരിക്കുക എന്ന കാഴ്ചപ്പാടു കൂടി സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. പുതിയ നിക്ഷേപങ്ങളെ വ്യവസായിക മേഖലയിലുൾപ്പടെ കൊണ്ടുവരിക എന്നത് പ്രാധാന്യത്തോടെ കാണുന്നുണ്ട്.

ഐറ്റി, ടൂറിസം മേഖലകളിലും ഇലക്ട്രോണിക്സ് തുടങ്ങിയ ആധുനിക വ്യവസായ മേഖലകളിലും അഭ്യസ്തവിദ്യരായ യുവതി-യുവാക്കൾക്ക് അഞ്ച് വർഷം കൊണ്ട് പത്ത് ലക്ഷം തൊഴിലവസരം സൃഷ്ടിക്കണം എന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൃഷി, കെട്ടിട നിർമ്മാണം, വാണിജ്യം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലായി 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതും സർക്കാർ ഉദ്ദേശിക്കുന്നതാണ്. ആധുനിക തുറകളിലെ ജോലിക്ക് പത്ത് ലക്ഷം പേർക്ക് സ്കിൽ ഡെവലപ്പ്മെന്റ് കരിയർ ഗൈഡൻസ് വഴി പരിശീലനം നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു. പുതിയ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഐറ്റി പാർക്കുകളുടെ വികാസത്തിനും സർക്കാർ ലക്ഷ്യംവയ്ക്കുന്നു. വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കി ആ രംഗത്ത് 4 ലക്ഷം പേർക്ക് തൊഴിൽ നൽകാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാർഷിക രംഗത്ത് മൂല്യവർദ്ധിത ഉത്പന്നങ്ങൾ സൃഷ്ടിക്കാനും ഉള്ള പദ്ധതികളാണ് സർക്കാർ ലക്ഷ്യം വച്ചിട്ടുള്ളത്.

ഇത്തരത്തിൽ വരും നാളുകളിൽ ശാസ്ത്ര സാങ്കേതികവിദ്യയുടെ വികാസം ഉപയോഗപ്പെടുത്തി ഉത്പാദന ശക്തികളുടെ വളർച്ച ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇത്തരം ഉത്പാദന വർദ്ധനവ് നീതിയുക്തമായി വിതരണം ചെയ്യാൻ കൂടി കഴിയുമെന്നു കഴിഞ്ഞ നാളുകളിലെ ജനക്ഷേമ പ്രവർത്തനങ്ങൾ തെളിയിക്കുന്നു.

### 1.1. രണ്ടാം ലോക കേരള സഭയുടെ നടപടികളും പ്രധാന പ്രവർത്തനങ്ങളും

രണ്ടാം ലോക കേരള സഭ സമ്മേളിച്ചപ്പോൾ വരാൻ പോകുന്ന പ്രതിസന്ധിയെപ്പറ്റി അകം കേരളത്തിനും പുറം കേരളത്തിനും യാതൊരു ധാരണകളും ഇല്ലായിരുന്നു.

എന്നിരുന്നെങ്കിൽ തന്നെ സഭയുണ്ടാക്കിയ ആവേശവും ഏകോപനവും ലോകകേരളം നേരിട്ട വലിയ പ്രതിസന്ധിയ്ക്ക് കൈത്താങ്ങായി. 47 രാജ്യങ്ങളിൽ നിന്നായി പ്രത്യേക ക്ഷണിതാക്കളടക്കം 476 പ്രതിനിധികൾ പങ്കെടുത്ത വൈവിധ്യമാർന്ന ജനാധിപത്യ വേദി ആയിരുന്നു രണ്ടാം സമ്മേളനം. ഫലപ്രദമായ ചർച്ചകൾ ഉറപ്പുവരുത്തുന്നതിനായി രണ്ടു ഘട്ടങ്ങളിലായി ആണ് ചർച്ചകൾ നടത്തിയത്. പ്രതിനിധികളെ മേഖലാ അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും തിരിച്ചാണ് സഭയിൽ ചർച്ചകൾ സംഘടിക്കപ്പെട്ടത്. ചർച്ചകളെ അധികരിച്ച് നടത്തിയ അവലോകനത്തിൽ നിന്ന് തിരഞ്ഞെടുത്ത 143 നിർദേശങ്ങൾ വിവിധ വകുപ്പ് തലവന്മാർക്ക് തുടർ നടപടികൾക്കായി കൈമാറുകയുണ്ടായി. കൂടാതെ പ്രവാസികളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു നയരൂപീകരണ സംവിധാനങ്ങൾക്ക് കൈമാറുകയും ചെയ്തു. ആദ്യ ലോക കേരള സഭ തുടങ്ങി വച്ച പ്രവർത്തനങ്ങൾ പതിന്മടങ്ങ് ആർജ്ജവത്തോടെ തുടരുന്നതു നാം കണ്ടതാണ്. പ്രവാസികളുടെ നിക്ഷേപം നാടിൻറെ വികസനത്തിനായി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഓവർസീസ് കേരള ഇൻവെസ്റ്റ്മെൻറ് ഹോൾഡിംഗ് ലിമിറ്റെഡ്, പ്രവാസികളും തിരികെയെത്തിയതും ആയ വനിതകളുടെ ഉന്നമനത്തിനും പ്രശ്ന പരിഹാരത്തിനുമായി ആരംഭിച്ച പ്രവാസി വനിതാ സെൽ, പ്രവാസി ഗവേഷക കേന്ദ്രം, പ്രവാസി സഹകരണ സംഘം തുടങ്ങി ഒന്നാം ലോക കേരള സഭ തുടങ്ങി വച്ച പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ടു പോകുന്നുണ്ട്.

കോവിഡ് കാലത്ത് ലോക കേരള സഭാ അംഗങ്ങൾ ഏകോപനത്തോടെ നടത്തിയ ക്ഷേമപ്രവർത്തനങ്ങൾ നിരവധിയാണ്. ചാർട്ടർ ചെയ്ത വിമാന സർവ്വീസുകൾ നടത്തുകയും, വിദേശരാജ്യത്തുള്ള പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും സഭാ അംഗങ്ങൾ നിസ്തുലമായ സംഭാവനയാണ് നൽകിയത്. സഭയ്ക്ക് ശേഷമുള്ള പല വിഷയങ്ങളിലും സഭാ അംഗങ്ങളുടെ പ്രതികരണം മികച്ചതായിരുന്നു. ഉദാഹരണത്തിന് പുതിയ കുടിയേറ്റ നിയമത്തിൻറെ കരട് ബിൽ പുറത്തിറങ്ങിയപ്പോൾ സഭാ അംഗങ്ങൾ മികച്ച നിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചത്. ഇത്തരം നിർദേശങ്ങൾ ക്രോഡീകരിച്ചു മുഖ്യമന്ത്രിയുടെ ഓഫീസും നോർക്കയും കേന്ദ്ര സർക്കാരിനു നിർദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. കൂടാതെ കൊവിഡ് കാലത്തെ പ്രവാസികളുടെ രജിസ്ട്രേഷൻ നടപടികൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുക വഴി സമഗ്രമായ ഡേറ്റ ശേഖരണം സാധ്യമായി. ഇതര സംസ്ഥാനങ്ങളിലെ പ്രതിനിധികൾ കൊവിഡ് കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്. ലോക്ക്ഡൌൺ മൂലം ഇതര സംസ്ഥാനങ്ങളിൽ അകപ്പെട്ട മലയാളികൾക്ക്, പ്രത്യേകിച്ചു വിദ്യാർത്ഥികൾക്കും യാത്രക്കാർക്കും തമാസ സൗകര്യവും ആരോഗ്യ സേവനവും സഭാംഗങ്ങൾ ഉറപ്പുവരുത്തി.

കോവിഡ് കാലത്ത് തിരികെയെത്തിയ പ്രവാസികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായ ഏക പദ്ധതി 'സ്വദേശ് സ്കിൽ കാർഡ്' പദ്ധതി ആയിരുന്നു. പദ്ധതി വഴി ലക്ഷ്യമിട്ടത് തൊഴിൽ നഷ്ടപ്പെട്ടു ഇന്ത്യയിൽ വന്ന പ്രവാസികളുടെ നൈപുണ്യം സംബന്ധിച്ച വിവരങ്ങൾ ഒരു പ്ലാറ്റ്ഫോം ശേഖരിച്ച് തൊഴിൽദാതാക്കൾക്ക് കൈമാറുക എന്നതായിരുന്നു. എന്നാൽ പദ്ധതി തുടങ്ങി രണ്ടു വർഷമായിട്ടും തിരികെയെത്തിയ പ്രവാസികൾക്കിടയിൽ കാര്യമായ ചലനം സൃഷ്ടിക്കാൻ പദ്ധതിക്ക് ആയിട്ടില്ല. കൂടാതെ നമ്മുടെ രാജ്യത്തെ പ്രവാസികളുടെ ഡേറ്റയുടെ അഭാവത്തിൻറെ പോരായ്മകൾ വെളിവായത് കോവിഡ് കാലത്ത് ആയിരുന്നു. പോയവരുടെയോ വന്നവരുടെയോ കൃത്യമായ യാതൊരു കണക്കും കയ്യിൽ ഇല്ലാതെ രാജ്യത്തെ ഭരണാധികാരികൾ ഇരുട്ടിൽ തപ്പിയ സമയം കൂടി ആയിരുന്നു കോവിഡ് കാലം. പലപ്പോഴും കേന്ദ്ര സർക്കാർ ചെയ്യേണ്ട ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയത് ഇന്ത്യൻ ഡയസ്പോറ അസോസിയേഷനുകളും മറ്റു സംഘടനകളും ആയിരുന്നു.

കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ലോക മലയാളികളുടെ പ്രശ്നങ്ങൾ കേട്ടറിയുവാനും ലോക കേരള സഭ സെക്രട്ടേറിയേറ്റ് നിരന്തരം ശ്രമിച്ചിരുന്നു. മുഖ്യമന്ത്രി പങ്കെടുത്ത വിർച്വൽ ലോക കേരള സഭ യോഗം ആയിരുന്നു അതിൽ ഏറ്റവും പ്രധാന ശ്രമം. മലയാളികൾ കോവിഡ് സമയത്ത് നേരിട്ട സാമൂഹിക-സാമ്പത്തിക പ്രതിസന്ധികളും തൊഴിൽപരമായ വെല്ലുവിളികളും യോഗത്തിൽ പ്രതിപാദ്യ വിഷയമായി.

ഏറ്റവും ഉപരിയായി മഹാമാരി സമ്മാനിച്ച പ്രതിസന്ധികളിൽ ഉഴറുന്ന ലോക മലയാളിയുടെ ആത്മവിശ്വാസം വർധിപ്പിക്കാൻ യോഗത്തിനായി. കോവിഡ് കാലത്തെ മാറിയ തൊഴിൽകമ്പോളങ്ങളും പുതിയ തൊഴിൽ സാധ്യതകളും മനസിലാക്കുന്നതിനായി നോർക്ക സംഘടിപ്പിച്ച ഓവർസീസ് എംപ്ലോയ്മെന്റ് കോൺഫറൻസ് സഹായകമായി. ജപ്പാൻ, ജർമ്മനി പോലെയുള്ള പുതിയ തൊഴിലിടങ്ങളെക്കുറിച്ചും പരമ്പരാഗത ലക്ഷ്യസ്ഥാനങ്ങളായ ഗൾഫ് രാജ്യങ്ങളിലെ പുതിയ തൊഴിൽ അവസരങ്ങളെക്കുറിച്ചും യോഗത്തിൽ വിശദമായ ചർച്ചകൾ നടന്നു. ഇത്തരത്തിൽ കോവിഡിനു ശേഷമുള്ള മലയാളിയുടെ തൊഴിൽ കുടിയേറ്റത്തെ സ്വാധീനിക്കുവാൻ ഉതകുന്ന ഇത്തരം പ്രവർത്തനങ്ങൾ നമുക്ക് അടിയന്തിര പ്രാധാന്യത്തോടെ തുടരേണ്ടതുണ്ട്.

## 2. ഭാഗം രണ്ട്

## പ്രവാസത്തിന്റെ മാറുന്ന ഭൂപടം

പ്രവാസവും പ്രവാസികളും മുൻപെങ്ങും ഇല്ലാത്തവണ്ണം വെല്ലുവിളികളെ നേരിട്ട രണ്ടു വർഷങ്ങളാണ് കടന്നു പോയത്. മഹാമാരിയുടെ ആദ്യകാലങ്ങളിൽ ഉണ്ടായ യാത്രനിയന്ത്രണം മുതൽ കൂട്ടപിരിച്ചുവിടൽ മൂലമുണ്ടായ തൊഴിൽ നഷ്ടങ്ങളും ഏറ്റവും അധികം ബാധിച്ച ജനവിഭാഗമാണ് പ്രവാസികൾ. വർത്തമാന കാലത്ത് മൂലധനത്തോടൊപ്പം മനുഷ്യരും കൂടുതൽ ചലനാത്മകത കൈവരിച്ചിരുന്ന സമയത്താണ് മഹാമാരി ഒരു വിലങ്ങുതടിയായത്.

കഴിഞ്ഞ സമ്മേളന രേഖകളിൽ, അന്താരാഷ്ട്ര കുടിയേറ്റ രംഗത്തെ വെല്ലുവിളികളെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിരുന്നു. കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ ആഗോള കുടിയേറ്റ രംഗം നിരവധി പരിവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. മാറ്റങ്ങളുടെ വിശദാംശങ്ങളിലേക്കു പോകുന്നതിനു മുമ്പ് ആഗോളകുടിയേറ്റവുമായി ബന്ധപ്പെട്ട പ്രകടമാവുന്ന ചില പൊതു പ്രവണതകളെക്കുറിച്ച് സൂചിപ്പിക്കുന്നത് നന്നാവും.

ഒന്നാമതായി, കുടിയേറ്റത്തിൽ ഉണ്ടാകുന്ന വർദ്ധനവാണ്. ഏറ്റവും അവസാനം ലഭ്യമായ കണക്കുകൾ അധികരിച്ച് ആഗോള തലത്തിൽ 28.1 കോടി കുടിയേറ്റക്കാരുണ്ട്. ഇത് ആഗോള ജനസംഖ്യയുടെ 3.6 ശതമാനമാണ്. ആഗോള കുടിയേറ്റക്കാരുടെ എണ്ണം കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളായി വർദ്ധിച്ചുവരികയാണ്. 1970 മുതൽ 2020 വരെയുള്ള കാലഘട്ടത്തിൽ കുടിയേറ്റക്കാരുടെ എണ്ണം മൂന്നിരട്ടി വർധനയാണ് രേഖപ്പെടുത്തിയത്. പ്രതികൂല സാഹചര്യങ്ങൾ ഏറെ ഉണ്ടെങ്കിലും പ്രവാസത്തിൻറെ തോത് ഉയർന്നുകൊണ്ടിരിക്കുന്നു. ആഗോള പ്രവാസികളിൽ 48.1 ശതമാനം സ്ത്രീകളും പെൺകുട്ടികളുമാണ്. കൂടാതെ ഏതാണ്ട് നാലിൽ മൂന്ന് പ്രവാസികളും, കൂടാതെ പ്രവാസികളിൽ 60.1 ശതമാനം (169 million) തൊഴിലിനായി കുടിയേറുന്നവരാണ്. അതായത് 73 ശതമാനം പ്രവാസികൾ തൊഴിൽ എടുക്കുന്ന പ്രായക്കാരാണ് (working age – 20–64).

പ്രവാസികളുടെ പ്രധാന ലക്ഷ്യസ്ഥാനം യുറോപ്പാണ്. നിലവിൽ 8.67 കോടി പ്രവാസികളാണ് യുറോപ്പിലുള്ളത്. ഏഷ്യൻ രാജ്യങ്ങളിലേക്ക് 8.56 കോടി പ്രവാസികളെയും വടക്കേ അമേരിക്ക 5.87 കോടി പ്രവാസികളെയും ആഫ്രിക്കൻ രാജ്യങ്ങൾ 2.54 കോടി പ്രവാസികളെയും ഉൾക്കൊള്ളുന്നു. രാജ്യാടിസ്ഥാനത്തിലുള്ള കണക്കുകൾ പരിധോധിച്ചാൽ പ്രത്യേകിച്ച് അത്ഭുതത്തിനു വകയില്ല. പതിവുപോലെ അമേരിക്കയാണ് ഏറ്റവും കൂടുതൽ പ്രവാസികളെ സ്വീകരിക്കുന്ന രാജ്യം (5.06 കോടി). ആകെയുള്ള പ്രവാസികളിൽ മൂന്നിൽ ഒന്നും ജീവിക്കുന്നത് അമേരിക്ക, ജർമ്മനി, സൗദിഅറേബ്യ, റഷ്യ, യുണൈറ്റഡ് കിംഗ്ഡം എന്നീ രാജ്യങ്ങളിലായാണ്.

കുടിയേറ്റ പ്രഭവ കേന്ദ്രങ്ങളായ രാജ്യങ്ങളിൽ (country of origin) ഇന്ത്യയാണ് ഒന്നാമത്. ഏതാണ്ട് 1.79 കോടി ഇന്ത്യക്കാർ നിലവിൽ പ്രവാസികളാണ്. ഇന്ത്യക്ക് പിന്നിൽ മെക്സിക്കോ (1.12), റഷ്യ (1.08 കോടി), ചൈന (1.05 കോടി), സിറിയ (0.85 കോടി) എന്നീ രാജ്യങ്ങളാണ്. കുടിയേറ്റക്കാരിൽ ഏതാണ്ട് മൂന്നിലൊന്നും പത്തു ലോകരാജ്യങ്ങളിൽ നിന്നാണ് വരുന്നത്.

ഐക്യരാഷ്ട്രസഭയുടെ ജനസംഖ്യ വിഭാഗം 2019ലും 2020ലുമായി പ്രസിദ്ധീകരിച്ച കണക്കുകളാണ് ഇവയെല്ലാം. കോവിഡ് പ്രതിസന്ധി കാരണം കഴിഞ്ഞ വർഷങ്ങളിലെ വിശ്വസനീയമായ കണക്കുകൾ പുറത്തുവിടാൻ അന്താരാഷ്ട്ര സംഘടനകൾക്ക് സാധിച്ചിട്ടില്ല. ഇത്തരം സ്ഥിതി-വിവര കണക്കുകൾ ആഗോള പ്രവാസത്തിന്റെ പ്രാധാന്യത്തെയും സങ്കീർണ്ണതകളെയും ലോക രാഷ്ട്രങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാൻ സഹായിക്കുന്നു.

അതേസമയം മഹാമാരി സൃഷ്ടിച്ച യാത്രാ പ്രതിസന്ധികളും സാമ്പത്തിക അസ്ഥിരതയും കുടിയേറ്റത്തിനും പ്രവാസികൾക്കും കനത്ത ഭീഷണിയാണ്. കഴിഞ്ഞ രണ്ടു വർഷക്കാലം കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി കുടിയേറ്റത്തിനു മേലുള്ള നിയന്ത്രണങ്ങൾ കൂടുതൽ കർശനമാക്കാൻ ആതിഥേയ രാജ്യങ്ങളെ പ്രേരിപ്പിക്കുന്നുമുണ്ട്. തൊഴിലാളിയുടെ അതിർത്തി കടന്നുള്ള സഞ്ചാരത്തിനു പല രാജ്യങ്ങളും ഏർപ്പെടുത്തിയിരുന്ന പരോക്ഷ നിയന്ത്രണങ്ങൾ പ്രത്യക്ഷമായി നടപ്പിൽ വരുത്താൻ തുടങ്ങിയത് ഇത്തരം പശ്ചാത്തലത്തിൽ കൂടിയാണ്. യുക്രൈൻ പ്രതിസന്ധി സൃഷ്ടിച്ച അഭയാർഥി പ്രവാഹവും കോവിഡ് കാലത്ത് പോലും നിരന്തരമായി സംഭവിക്കുന്ന ആഫ്രിക്കൻ അഭയാർഥി പ്രവാഹവും ആതിഥേയ രാജ്യങ്ങളെ കൂടുതൽ സമ്മർദ്ദത്തിലാക്കുന്നു.കൂടാതെ ദീർഘകാല ഉദ്ദേശ ലക്ഷ്യങ്ങളോടെ ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ നടപ്പിലാക്കുന്ന നിർമ്മിത ബുദ്ധി (Artificial intelligence) കേന്ദ്രീകൃതമായ പദ്ധതികൾ വിദഗ്ധ കുടിയേറ്റ തൊഴിലാളികളുടെ കുടിയേറ്റ സ്വപ്നങ്ങളെ സാരമായി ബാധിക്കും.

### 2.1 ഇന്ത്യക്കാരുടെ കുടിയേറ്റത്തിലെ പ്രവണതകൾ

ഇന്ത്യ കുടിയേറ്റത്തിന്റെ കാര്യത്തിൽ ലോകത്തിലെ ഏറ്റവും നിർണായകമായ ഒരു രാജ്യമാണ്. ലോകത്ത് ഏറ്റവും കൂടുതൽ വിദേശ പണം (remittance) സ്വീകരിക്കുന്ന രാജ്യമാണ് ഇന്ത്യ. അതിലുപരിയായി ഏറ്റവും കൂടുതൽ തൊഴിൽ കുടിയേറ്റം സംഭവിക്കുന്നതും ഇന്ത്യയിൽ നിന്നാണ്. ഏകദേശം 1.8 കോടി ഇന്ത്യക്കാരാണ് പ്രവാസം സ്വീകരിച്ച വിദേശ രാജ്യങ്ങളിൽ ജീവിക്കുന്നത്. സ്ഥിര കുടിയേറ്റം ലക്ഷ്യമിട്ട് വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്ന ഇന്ത്യക്കാരും നിരവധിയാണ്. ലോകത്തിലെ മൂന്നാമത്തെ ഏറ്റവും വലിയ കുടിയേറ്റ ഇടനാഴിയായ ഇന്ത്യ-യുഎഇ ഇടനാഴി ഏതാണ്ട് 35 ലക്ഷത്തിലധികം ഇന്ത്യക്കാർക്ക് തൊഴിൽ നൽകിവരുന്നു. നമ്മുടെ കുടിയേറ്റ രംഗത്ത് സാമൂഹികമായും സാമ്പത്തികമായും വലിയ സംഭാവനകൾ പ്രസ്തുത ഇടനാഴി നൽകുന്നുണ്ട്.

കഴിഞ്ഞ ഒരു ദശാബ്ദകാലമായി ഇന്ത്യയിൽ നിന്ന് യൂറോപ്യൻ രാജ്യങ്ങളിലേക്കും ജപ്പാൻ, കൊറിയ തുടങ്ങിയ പുതിയ തൊഴിലിടങ്ങളിലെക്കും കുടിയേറ്റം വർദ്ധിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. പക്ഷേ ഇത്തരം പുതിയ ലക്ഷ്യസ്ഥാനങ്ങൾ കണ്ടെത്തുന്നതിനും അവിടേക്ക് ആവശ്യമായ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഇന്ത്യൻ സർക്കാർ ഇതുവരെ ആരംഭിച്ചിട്ടില്ല. മാത്രമല്ല പ്രമുഖ ആതിഥേയരാജ്യങ്ങളുമായി നിലവിലുള്ള ഉഭയകക്ഷി കരാറുകൾ വെറും കടലാസിൽ അവശേഷിക്കുകയാണ്. ഗൾഫ് രാജ്യങ്ങളുമായും മറ്റും ഗാർഹിക തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള കരാറുകൾ ഒന്നും തന്നെ പാലിക്കപ്പെടുന്നില്ല. ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ കുടിയേറ്റ നിരക്കിലും കാതലായ മാറ്റം സംഭവിച്ചിട്ടുണ്ട്. സാമ്പ്രദായിക കുടിയേറ്റത്തിന്റെ കേന്ദ്രങ്ങളായ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളെ പിൻതള്ളി ഉത്തർ പ്രദേശ്, ബീഹാർ തുടങ്ങിയ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾ കൂടുതലായി പ്രവാസികളെ സംഭാവന ചെയ്യുന്നുണ്ട്. അവരിൽ ബഹുഭൂരിപക്ഷവും ഗൾഫ് രാജ്യങ്ങളിലേക്ക് ചെറു കാലത്തേക്ക് തൊഴിലിനായി പോകുന്ന അവിദഗ്ധ തൊഴിലാളികളാണ്. ഇത്തരം സംസ്ഥാനങ്ങളിൽ പലതും പ്രവാസക്ഷേമത്തിനായും റിക്രൂട്ട്മെന്റിനായും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ഫെഡറലിസത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്നതിന് സഹായിക്കും.

### 2.2. ആഗോള പ്രവാസ ഉടമ്പടിയും അനുബന്ധ പ്രവർത്തനങ്ങളും

കഴിഞ്ഞ സമ്മേളനത്തിൽ വിശദമായി ചർച്ച ചെയ്ത വസ്തുതയാണ് ആഗോള പ്രവാസ ഉടമ്പടിക്ക് ലഭിച്ച അംഗീകാരം. ലോക രാജ്യങ്ങൾക്ക് മികച്ച എമിഗ്രേഷൻ നയങ്ങളും ഇമ്മിഗ്രേഷൻ നയങ്ങളും നിർമ്മിക്കുവാൻ സഹായകമായ 23 ലക്ഷ്യങ്ങളാണ് ഈ ഉടമ്പടിയിലെ സുപ്രധാന ഭാഗം. പ്രവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും നാടിന്റെ വികസനത്തിൽ പ്രവാസികളുടെ സംഭാവനകൾ ഉപയോഗപ്പെടുത്തുവാനും ഉതകുന്നവയാണ് പ്രസ്തുത നിർദേശങ്ങൾ. ലോകകേരളസഭ പോലെയുള്ള വേദികൾ രൂപീകരിക്കേണ്ടത് ഈ ഉടമ്പടി നടപ്പിൽ വരുത്തുന്നതിൽ സുപ്രധാനമാണ്. ആഗോളക്കരാർ വരുന്നതിനു മുന്നേ കേരളം ദീർഘദൃഷ്ടിയോടെ ലോക കേരള സഭയ്ക്കു രൂപം നൽകി എന്നത് നമുക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്. കഴിഞ്ഞ രണ്ടു വർഷങ്ങൾ ആഗോള പ്രവാസ ഉടമ്പടിയെ സംബന്ധിച്ച് നിർണായക കാലഘട്ടമായിരുന്നു. ഇക്കാലത്ത് ഉടമ്പടിയുടെ ലക്ഷ്യങ്ങൾ നടപ്പിലാക്കുവാൻ വിവിധ സംഘടനകളും പ്രവാസികളും സർക്കാരുകളിൽ സമ്മർദം ചെലുത്തിയിരുന്നു. പക്ഷേ വളരെ കുറച്ച് രാജ്യങ്ങൾ മാത്രമാണ് ഉടമ്പടിയുടെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി ശ്രമങ്ങൾ നടത്തിയത്. കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 2022 മെയ് മാസത്തിൽ അന്താരാഷ്ട്ര മൈഗ്രേഷൻ റിവ്യൂ ഫോറം (International Migration Review Forum- IMRF) നടത്തുന്നതാണ്. പ്രസ്തുത ഫോറത്തിൽ കഴിഞ്ഞ നാല് വർഷങ്ങളിലെ ആഗോള പ്രവാസ ഉടമ്പടിയുടെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിലെക്കായി നടത്തിയ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകളും വീഴ്ചകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

ഇന്ത്യ ഉൾപ്പെട്ട ഗൾഫ്-തെക്കൻ ഏഷ്യ കുടിയേറ്റ ഇടനാഴിയിൽ സുപ്രധാന തീരുമാനങ്ങൾ ഉണ്ടായ കാലയളവ് കൂടിയായിരുന്നു കഴിഞ്ഞ രണ്ടു വർഷങ്ങൾ. യുഎഇ തൊഴിൽ നിയമങ്ങളിൽ കാതലായ പരിഷ്കാരങ്ങൾ വരുത്തി തൊഴിലാളി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹ്റൈന്റെയും ഖത്തറിന്റെയും പാത പിന്തുടരുന്ന സൗദി അറേബ്യയും കുവൈറ്റും ഉൾപ്പെടെയുള്ള രാജ്യങ്ങൾ കഫാല നിയമം പരിഷ്കരിക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചു എന്നത് ഗൾഫ് മേഖലയിലെ പ്രവാസികൾക്ക് വലിയ പ്രതീക്ഷകൾ സമ്മാനിക്കുന്നതാണ്.

പക്ഷേ, ഉഭയകക്ഷി ഉടമ്പടികളുടെ അഭാവവും കോവിഡ് സമയത്തുണ്ടായ കൂട്ടപിരിച്ചുവിടലുകളും മേഖലയിലെ കുടിയേറ്റത്തിന്റെ ചിത്രം സങ്കീർണ്ണമാക്കി നിലനിർത്തുന്നു. ആഗോള പ്രവാസ നയരൂപീകരണത്തിലെ പല പോരായ്മകളും വെളിച്ചത്തു കൊണ്ടുവരാൻ കോവിഡ് മഹാമാരി കാരണമായി. പ്രവാസത്തോടുള്ള ആതിഥേയ രാജ്യങ്ങളുടെ നിഷേധാത്മക സമീപനം ആഗോള കുടിയേറ്റ സമൂഹത്തിനു തന്നെ ആശങ്കകൾ സൃഷ്ടിക്കുന്നതാണ്.

### 2.3. ഇന്ത്യൻ കുടിയേറ്റം – ഭരണ നിർവ്വഹണവും നിയമങ്ങളും

വിവിധതരം പ്രവാസങ്ങളോട് ഇന്ത്യൻ സർക്കാരിന്റെ സമീപനം പരിശോധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്ഥിര കുടിയേറ്റത്തിനോടുള്ള യുവാക്കളുടെ ആഭിമുഖ്യം കുറയ്ക്കുവാൻ ദീർഘകാല പദ്ധതികൾ നടപ്പിലാക്കാതെ പകരം അവിദഗ്ദ തൊഴിലാളികളും പാവപ്പെട്ടവരും ആശ്രയിക്കുന്ന താൽക്കാലിക കുടിയേറ്റത്തിനു വിലങ്ങുതടിയാകാനാണ് മാറി മാറി വരുന്ന കേന്ദ്ര സർക്കാരുകൾ നാളിതുവരെ ശ്രമിച്ചിട്ടുള്ളത്. പ്രവാസികളോടുള്ള കാഴ്ചപ്പാടിലെ സ്ഥിരതയില്ലായമയും ക്ഷേമ പദ്ധതികളുടെ അഭാവവും സാധാരണക്കാരുടെ കുടിയേറ്റ സ്വപ്നങ്ങൾക്ക് മങ്ങേലേൽപ്പിക്കുന്നു. പ്രവാസികളുടെയും മറ്റും നിരന്തര പരിശ്രമത്തിന്റെ ഫലമായി 39 വർഷങ്ങൾക്ക് ശേഷം 1983ലെ കുടിയേറ്റ നിയമം ഉപേക്ഷിച്ചു പുതിയ കുടിയേറ്റ നിയമം നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

#### 2.3.1 ഇന്ത്യൻ കുടിയേറ്റ നിയമം, 2021

പുതിയ കുടിയേറ്റ നിയമത്തിൻറെ (New Emigration Bill) ആദ്യ കരട് രൂപം 2019ൽ പുറത്തിറക്കിയെങ്കിലും അതിനു ശേഷമുള്ള സമ്മേളനങ്ങളിൽ സഭയിൽ വയ്ക്കുവാൻ സാധിച്ചില്ല. ആയതിനാൽ വിദഗ്ധ അഭിപ്രായം ഉൾക്കൊണ്ടുകൊണ്ട് 2019ലെ നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി പുതിയ കരടുരേഖ 2021ൽ പുറത്തിറക്കുകയുണ്ടായി. നിലവിലുള്ള നിയമങ്ങളിൽ നിന്ന് മാറി പുതിയ കുടിയേറ്റ ഭരണസംവിധാനം കൊണ്ടുവരാനുള്ള ശ്രമം പുതിയ ബില്ലിൽ കാണാം. കൂടാതെ കേന്ദ്ര-സംസ്ഥാന ഏകോപനം ഉറപ്പുവരുത്താനുള്ള സ്ഥാപനങ്ങളുടെ രൂപീകരണവും കരട് ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. എങ്കിലും ബില്ലിൽ നിരവധി പോരായ്മകൾ ഉണ്ടെന്നു കാണാം.

പ്രവാസി എന്നതിന്റെ നിർവചനത്തിൽ പ്രവാസികളുടെ കുടുംബാഗംങ്ങളെ ഒഴിവാക്കിയതാണ് ബില്ലിലെ നിർവചനത്തിലെ പ്രധാന പോരായ്മ.കൂടാതെ വിദ്യാർത്ഥികളും പ്രവാസി എന്ന നിർവചനത്തിൻറെ പരിധിക്ക് പുറത്താണ്. കേന്ദ്ര-സംസ്ഥാന ഏകോപനം ലക്ഷ്യമിടുന്നെങ്കിലും അതിന്റെയൊക്കെ സാമ്പത്തിക ഉത്തരവാദിത്വം സംസ്ഥാന സർക്കാരുകളുടെ ചുമലിൽ കെട്ടി വയ്ക്കുവാൻ ബില്ലിൽ ശ്രമമുണ്ട്. പ്രധാനമായും പുനരധിവാസത്തിന്റെ മുഴുവൻ ചുമതലയും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. മൂന്നു തട്ടിലായുള്ള മൂന്നു സ്ഥാനപങ്ങൾക്കാണ് ഭരണനിർവഹണത്തിൻറെ ചുമതല. പക്ഷെ ഈ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾ ബില്ലിൽ തെളിമയില്ലതെയാണ് വിവരിച്ചിരിക്കുന്നത്. മറ്റൊരു പ്രധാന വിമർശനം തൊഴിൽ മന്ത്രാലയത്തിനെ പൂർണ്ണമായും കുടിയേറ്റ സംബന്ധ ചുമതലകളിൽ നിന്ന് മാറ്റി നിർത്തി വിദേശകാര്യ മന്ത്രാലയത്തിന്റെ മാത്രം കീഴിലേക്ക് ഭരണ നിർവ്വഹണം കൊണ്ടുവരുന്നു എന്നതാണ്. കരട് ബില്ലിൽ കുടിയേറ്റ സംബന്ധിച്ച ഡേറ്റ പൊതുജനം മറ്റു വിദഗ്ദരുമായും പങ്കിടുന്നതിനെപ്പറ്റി യാതൊന്നും പ്രതിപാദിക്കുന്നില്ല. നിലവിൽ സംസ്ഥാനങ്ങൾക്ക് പോലും ഡേറ്റ ലഭ്യമല്ല. മറ്റൊരു വിമ്മർശനം പ്രവാസികളുടെ പരാതി പരിഹാരത്തിനുള്ള വേദികൾ ഒന്നും ബില്ലിൽ പ്രതിപാദിക്കുന്നില്ല എന്നതാണ്. സംസ്ഥാന തലത്തിലുള്ള സർക്കാർ നിയന്ത്രണത്തിലുള്ള റിക്രൂട്ട്മെന്റ് ഏജൻസികളെ പറ്റി (Norka-Roots പോലെയുള്ളവ) ബില്ലിൽ യാതൊന്നും പറയുന്നില്ല. ഇത്തരം ചെറുതും വലുതുമായ നിരവധി വിമർശനങ്ങൾ ഉണ്ടെങ്കിൽ പോലും പുതിയ കരട് രേഖ കുടിയേറ്റ പ്രക്രീയയുടെ ഭരണനിർവഹണത്തിൽ സമൂലമായ മാറ്റങ്ങൾ കൊണ്ടുവരുന്നു എന്നത് പ്രതീക്ഷയോടെ നോക്കികാണുന്നു.

### 2.4 കേരളം ലോക കുടിയേറ്റ ഭൂപടത്തിൽ

കോവിഡ് പ്രതിസന്ധി കാരണം ലഭ്യമായ ഏറ്റവും പുതിയ സർവ്വേ കണക്കുകൾ ഫലം 2018ൽ പുറത്തിറങ്ങിയതാണ്. നിലവിലുള്ള ലഭ്യമായ കണക്കുകൾ അനുസരിച്ച് 89.2 ശതമാനം പ്രവാസികളേയും ഉൾക്കൊള്ളുന്നത് പശ്ചിമേഷ്യൻ രാജ്യങ്ങളാണ്. എന്നാൽ പഴയ സർവ്വേ ഫലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പശ്ചിമേഷ്യയുടെ അപ്രമാദിത്വം കുറഞ്ഞു വരുന്നതായി കാണാം. പകരം, വികസിത രാജ്യങ്ങളായ ഓസ്ട്രേലിയ, ന്യൂസീലണ്ട്, കാനഡ, യുറോപ്യൻ രാജ്യങ്ങൾ എന്നിവടങ്ങളിലേക്കുള്ള കുടിയേറ്റം പടിപ്പടിയായി വർദ്ധിക്കുന്നുണ്ട്. മലയാളികൾ വിദ്യാഭ്യാസ നിലവാരത്തിലും തൊഴിൽ നൈപുണ്യത്തിലും കൈവരിച്ച പുരോഗതിയാണ് ഈ മാറ്റത്തിന്റെ പ്രധാന കാരണം എന്ന് കാണാം. ഇത് കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിന്റെ ഒരു പ്രധാന പ്രത്യേകതയായി കാണേണ്ടി വരും.

കോവിഡ് കാലത്തിനു ശേഷമുള്ള ലോക ക്രമത്തിൽ ഏറ്റവും കൂടുതൽ രാജ്യങ്ങൾക്ക് ആവശ്യമായി വരിക ആരോഗ്യ രംഗത്തെ വിദഗ്ദരെ ആണ്. കേരളത്തിലെ ശക്തമായ ആരോഗ്യ വിദ്യാഭ്യാസരംഗം സംഭാവന ചെയ്യു ആയിരകണക്കിന് ഉദ്യോഗാർത്ഥികൾക്ക് മികച്ച തൊഴിൽ അവസരങ്ങൾ സംജാതമാകും എന്നത് തീർച്ചയാണ്. കേന്ദ്രത്തിൽ മാത്രമല്ല സംസ്ഥാനതലത്തിലും ഡേറ്റയുടെ അഭാവം നയരൂപീകരണത്തിനു വലിയ വെല്ലുവിളികൾ സമ്മാനിക്കുന്നുണ്ട്. കോവിഡ് കാലത്ത് സർക്കാർ നടത്തിയ ഓൺലൈൻ വിവരശേഖരണം പോലെ മികച്ച ഒരു സ്ഥിര സംവിധാനം ഡേറ്റ ശേഖരണത്തിനായി നിലവിൽ വരേണ്ടത് ഭരണനിർവഹണത്തിനു അത്യന്താപേക്ഷിതമാണ്.

മറ്റ ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്ന മലയാളികളുടെ കണക്കുകൾ പ്രാധാന്യം അർഹിക്കുന്നതാണ്. കേരള മൈഗ്രേഷൻ സർവ്വേ മാത്രമാണ് ഇതര സംസ്ഥാനങ്ങളിലെ മലയാളികളുടെ കണക്കുകൾ ലഭ്യമാക്കുന്ന ഡേറ്റബെയ്സ്. കഴിഞ്ഞ സമ്മേളനം കഴിഞ്ഞുള്ള കാലയളവിൽ പുതിയ വിവരശേഖരണം സാധ്യം ആകാത്തതിനാൽ 2018 വരെയുള്ള കണക്കുകളെ ആസ്പദമാക്കിയെ ഇതര സംസ്ഥാന കുടിയേറ്റം വിശകലനം ചെയ്യാൻ സാധിക്കുകയുള്ളൂ. സർവ്വേ പ്രകാരം 2014-2018 കാലഘട്ടത്തിൽ ഇതര സംസ്ഥാനങ്ങളിലുള്ള കേരളീയ പ്രവാസികളുടെ എണ്ണം ഏഴ് ലക്ഷത്തിൽ നിന്നു 5.24 ലക്ഷമായി കുറയുകയുണ്ടായി. ഇവരുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് കഴിഞ്ഞ പത്തു വർഷമായി സർവ്വേയിൽ ദൃശ്യമാണ്. പുതിയ കണക്കുകൾ ലഭ്യമല്ലെങ്കിൽ തന്നെ ഒരു കാര്യം വ്യക്തമാണ്, മറ്റ സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റം കുറയുകയാണ്. കോവിഡ് മഹാമാരി സമയത്ത് ഇതര സംസ്ഥാനങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ടും വർക്ക് ഫ്രം ഹോം സംവിധാനം സ്വീകരിച്ച് കേരളത്തിലേക്ക് മടങ്ങി വന്നവരും നിരവധിയാണ്.

3. ഭാഗം മൂന്ന്

## പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

- തിരികെയെത്തുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ

വലിയ തോതിലുള്ള പ്രവാസികളുടെ തിരിച്ചുവരവ് ഒരു വെല്ലുവിളി തന്നെയാണ്. ഇന്ത്യ അടക്കമുള്ള ഒട്ടുമിക്ക തെക്കൻ ഏഷ്യൻ രാജ്യങ്ങളിലും വരും മാസങ്ങളിൽ പ്രവാസികളുടെ മടങ്ങി വരവ് ഭരണാധികാരികൾക്ക് വലിയ വെല്ലുവിളിയാവുമെന്ന് തീർച്ച. ആകെ ജനസംഖ്യയിലെ കുടിയേറ്റ തൊഴിലാളികളുടെ എണ്ണം കൊണ്ടും കുടിയേറ്റ സൗഹൃദ നയങ്ങൾ കൊണ്ടും കേരളത്തെ പലപ്പോഴും ഫിലിപ്പിൻസ് പോലെയുള്ള രാജ്യങ്ങളുമായി താരതമ്യപ്പെടുത്താറുണ്ട്. കൂടാതെ ഇന്ത്യൻ സർക്കാർ മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം എന്ന ഉത്തരവാദിത്വം വർഷങ്ങളായി സംസ്ഥാന സർക്കാരുകളിൽ മാത്രം നിക്ഷിപ്തമാക്കിയാണ് നയ രൂപീകരണം നടത്തുന്നത്. ഇന്ത്യയിൽ പ്രവാസികളുടെ പുനരധിവാസത്തിനായി പദ്ധതികൾ നിലവിലുള്ള ഏക സംസ്ഥാനം എന്ന നിലയ്ക്ക് കേരളത്തിലേക്കുള്ള പ്രവാസികളുടെ വലിയ തോതിലുള്ള മടങ്ങി വരവും അതുണ്ടാക്കുന്ന സാമൂഹിക- സാമ്പത്തിക മാറ്റങ്ങളും ഏറ്റവുമുപരി കേരള സർക്കാരിൻറെ നയങ്ങളും ലോകം ഉറ്റ നോക്കുന്നുണ്ട്. സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ മൂന്നിലൊന്നോളം പ്രവാസികളുടെ സംഭാവന ആയതിനാലും വർഷങ്ങളായി കേരളത്തിൻറെ വളർച്ചയിൽ വിലമതിക്കാനാകാത്ത സംഭാവനകൾ നൽകുന്നവരെന്ന നിലയിലും പ്രവാസികളോട് സംസ്ഥാനത്തിന് വളരെ വലിയ ഉത്തരവാദിത്വമുണ്ട്.

ചർച്ച ചെയ്യപ്പെടേണ്ട മറ്റൊരു പ്രധാന വിഷയം തിരികെയെത്തുന്ന പ്രവാസികളുടെ വിദേശത്തെ തൊഴിൽ മേഖലകളും അവർ തിരിച്ചു വന്നതിനു ശേഷം കണ്ടെത്തുന്ന വരുമാന മാർഗ്ഗങ്ങളുമാണ്. പ്രവാസികളുടെ നൈപുണ്യ വികസനത്തിനും നൈപുണ്യ ശേഷിയെ നാടിൻറെ വികസനത്തിനായി ഉപയോഗിക്കുന്നതിനും ഇത്തരം വിവരങ്ങൾ അത്യാവിശ്യമാണ്. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം തിരിച്ചു വരുന്ന പ്രവാസികളിൽ ഏതാണ്ട് 35 ശതമാനത്തോളം തൊഴിലാളികൾ സെയിൽസ്മാൻ, നിർമ്മാണ മേഖല, ഡ്രൈവിംഗ് എന്നീ മേഖലകളിലാണ് തൊഴിലെടുത്തത്. തിരികെയെത്തിയവരിൽ ഏതാണ്ട് പകുതിയോളം പേർ ബിസ്സിനെസ്സ്, കൃഷി, നിർമ്മാണ മേഖല, ഡ്രൈവിംഗ് എന്നീ മേഖലകളെയാണ് വരുമാനത്തിനായി ആശ്രയിച്ചത്. കൃഷിയും ബിസ്സിനെസ്സമാണ് തിരിച്ചു വരുന്ന പ്രവാസികൾ ഏറെ ആശ്രയിക്കുന്ന തൊഴിൽ മേഖലകൾ. ഭൂരിഭാഗം പ്രവാസികളും വിദേശത്ത് മറ്റ തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്. ഇവയൊക്കെ സ്വയം തൊഴിൽ മേഖലകളാണ് താനും. നിർമ്മാണ മേഖല പോലെ വിദേശത്ത് വളരെയധികം യന്ത്രവല്കൃതമായ തൊഴിൽ മേകളിൽ സിദ്ധിച്ച അറിവുകളും കഴിവുകളും കേരളത്തിലെ നിർമ്മാണ മേഖലയിൽ പലപ്പോഴും ആവശ്യമായി വരുന്നില്ല എന്നതും നാം മനസിലാക്കേണ്ട വസ്തുതയാണ്.

ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത് കേരള സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും തൊഴിലെടുക്കുന്ന പ്രായത്തിലുള്ള പ്രവാസികൾക്കായി ദീർഘകാല പുനരധിവാസ പദ്ധതികളും അവരെ നാട്ടിലെ തൊഴിൽ കമ്പോളങ്ങളിലേക്ക് ഉൾക്കൊള്ളാനുള്ള പരിപാടികളും അടിയന്തിരമായി ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകതയാണ്. നിലവിലെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളിൽ ബുദ്ധിമുട്ടേറിയ നയരൂപീകരണമാണ് ഈ രംഗം ആവശ്യപ്പെടുന്നത്. പ്രത്യേകിച്ചും കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്ന് പുനരധിവാസത്തിന് യാതൊരു സഹായവും ഉണ്ടാകില്ല എന്ന് പുതിയ എമിഗ്രേഷൻ ആക്ടിലും ആവർത്തിക്കുന്ന സാഹചര്യത്തിൽ പുനരധിവാസം വെല്ലുവിളികൾ നിറഞ്ഞതാണ്. കോവിഡ് കാലത്ത് ആരംഭിച്ച പ്രവാസി ഭദ്രത വായ്പ്പ പദ്ധതികൾ 'സുസ്ഥിര പുനരധിവാസ പദ്ധതികൾ' എന്ന സ്വപ്നത്തിലേക്കുള്ള ആദ്യ കാൽവെപ്പായി പരിഗണിക്കാം.

- കേന്ദ്ര തലത്തിലെ നയരാഹിത്യവും ഭരണ നിർവഹണത്തിലെ പാളിച്ചകളും

ആദ്യ സമ്മേളനത്തിന് വളരെ മുൻപേ തന്നെ കേന്ദ്രത്തിൻറെ പ്രവാസി നയരാഹിത്യം വലിയ ചർച്ചകൾക്ക് വഴിമരുന്നിട്ടിട്ടുണ്ട്. പുതിയ എമിഗ്രേഷൻ ആക്ട് കൊണ്ടുവന്നതും ചൂഷണത്തിന് കാരണമാകുന്ന പല തീരുമാനങ്ങൾ ഒഴിവാക്കിയും കേന്ദ്ര സർക്കാർ അടുത്തിടെയായി മുഖം രക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. കൂടാതെ ഇന്ത്യ സെന്റെർ ഫോർ മൈഗ്രേഷൻ എന്ന സ്ഥാപനത്തെ സർക്കാരിതര പങ്കാളികളുമായി നയ രൂപീകരണ ചർച്ചകൾ നടത്തുവാൻ ചുമതലപ്പെടുത്തിയതും സ്വാഗതാർഹമായ തീരുമാനമാണ്. പക്ഷേ, ഇത്തരം പ്രഖ്യാപനങ്ങളും ജാലവിദ്യകളും പ്രവാസിയുടെ യഥാർത്ഥ ക്ഷേമം ഇനിയും ഉറപ്പ് നൽകുന്നില്ല. ഒരു വശത്ത് വിദഗ്ദർ നാട്ടിൽ തന്നെ തൊഴിൽ നേടണമെന്ന് ആവശ്യപ്പെടുന്ന സർക്കാർ മറ്റൊരു വശത്ത് വികസിത രാജ്യങ്ങളുമായി തൊഴിൽ മോബിലിറ്റി ഉടമ്പടികളിൽ ഒപ്പുവയ്ക്കുന്നു. അതെ സമയം , തൊഴിലാളി ക്ഷേമത്തിനായി സ്ഥിരം ലക്ഷ്യസ്ഥാനങ്ങളായ രാജ്യങ്ങളുമായി ഉള്ള ഉടമ്പടികൾ വെറും കടലാസിൽ ഒതുങ്ങുന്നു. രാജ്യം ഇന്ന് ഒരു പരിധി വരെ ശ്രമിക്കുന്നത് ഹ്രസ്വ കാല കുടിയേറ്റത്തിന്റെ പ്രോത്സാഹനമാണ്. പക്ഷേ, നിലവിലുള്ള ഭരണ സംവിധാനങ്ങളുടെ അപര്യാപ്തതയും ഒരു പ്രവാസികാര്യ വകുപ്പിന്റെ അഭാവവും നമ്മുടെ ഭരണ നിർവ്വഹണത്തിൽ നിഴലിക്കുന്നു. ഇതിനായി എമിഗ്രേഷൻ നിയമത്തിനു പുറമേ ഒരു സമഗ്ര കുടിയേറ്റ നയം തന്നെ സർക്കാർ വികസിപ്പിക്കേണ്ടതുണ്ട്.

- വിദേശ തൊഴിലിടങ്ങളിലെ പ്രശ്നങ്ങൾ

കോൺസുലാർ പ്രവർത്തനങ്ങളിലെ പാളിച്ചകളും പ്രശ്ന പരിഹാര സംവിധാനങ്ങളുടെ അപര്യാപ്തതയുമാണ് പ്രവാസികൾ വിദേശത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പ്രവാസികളുടെ സംരക്ഷണം ലക്ഷ്യമിട്ട് നമ്മുടെ എംബസ്സികളും കോൺസുലേറ്റുകളും നടപ്പിലാക്കുന്ന പദ്ധതികൾ പലതും ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല എന്നത് പ്രവാസത്തോളം പഴക്കമുള്ള പ്രശ്നമാണ്. പുതിയ എമിഗ്രേഷൻ നിയമത്തിൽ കോൺസുലർ സേവനങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുമെന്ന സൂചനയുണ്ട്. പക്ഷേ ഫിലിപ്പൈൻസ് പോലെയുള്ള രാജ്യങ്ങൾ തൊഴിലാളി ക്ഷേമത്തിൽ ചെലുത്തുന്ന ശ്രദ്ധ നമുക്ക് നൽകാൻ കഴിയാതെ പോകുന്നത് ഇവിടുത്തെ സംവിധാനങ്ങളുടെ അപര്യാപ്തത കൊണ്ട് മാത്രമല്ല മറിച്ച് രാഷ്ട്രീയമായ ഇച്ഛാശക്തിയുടെ അഭാവം കൊണ്ടാണ്. കോവിഡ് കാലത്ത് ഏറ്റവും ശക്തമായ ഇടപെടലുകൾ നടത്തിയ ഒരു വിഭാഗം പ്രവാസി സംഘടനകൾ ആയിരുന്നു. ഒട്ടുമിക്ക രാജ്യങ്ങളിലും എംബസ്സികളോട് ചേർന്ന് നിന്നാണ് ഇത്തരം സംഘടനകൾ കോവിഡിനെതിരെ പൊരുതിയത്. എന്നാൽ ഇത്തരം സംഘടനകൾക്ക് മിക്കതിനും സർക്കാരിന്റെ അംഗീകാരം പോലും ലഭ്യമല്ല. മഹാമാരി പിടിമുറുക്കിയ ആദ്യ മാസങ്ങളിൽ തന്നെ ഉയർന്നു കേട്ട വിഷയമാണ് വേതന ചൂഷണം. തൊഴിലാളികൾക്ക് അർഹിക്കുന്ന ആനുകൂല്യങ്ങളും ശമ്പള കുടിശികയും നൽകാതെ പിരിച്ചു വിടുന്ന പ്രവണത കോവിഡ്

കാലത്ത് വ്യാപകമായിരുന്നു. ഈ പ്രവണതയ്ക്ക് എതിരെ നമ്മുടെ കോൺസുലർ സംവിധാനങ്ങൾക്ക് യാതൊന്നും ചെയ്യാൻ സാധിച്ചില്ല. പരാതി പരിഹാരത്തിനായി 'മദദ് പോർട്ടൽ' പോലെ നിലവിലുള്ള സംവിധാനങ്ങൾ തീർത്തും അപര്യാപ്തമാണ്.

മറ്റൊരു വെല്ലുവിളി തൊഴിൽ അവകാശങ്ങളുടെ നഗ്നമായ ലംഘനമാണ്. ഉയർന്ന തൊഴിൽ സമയവും കുറഞ്ഞ വേതനവും തൊഴിലിടങ്ങളിലെ മോശം സുരക്ഷയും ഒക്കെ ഇന്നും പ്രവാസികൾ നേരിടുന്ന വെല്ലുവിളികളാണ്. ഇത്തരം തൊഴിൽ കേന്ദ്രീകൃത പ്രശ്നപരിഹാരത്തിന് ഇന്ത്യൻ സർക്കാരോ വിദേശ സർക്കാരുകളോ യാതൊന്നും ചെയ്യുന്നില്ല.

- നോർക്കയുടെ പ്രവർത്തനങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ

നോർക്കയുടെയും ഫീൽഡ് ഏജൻസി ആയ നോർക്കാ റൂട്സിന്റെയും പ്രവർത്തനങ്ങൾ പ്രവാസി ക്ഷേമത്തിൽ നിർണ്ണായകമാണ്. കഴിഞ്ഞ കുറച്ചു ബഡ്ജറ്റുകളിൽ ലഭിക്കുന്ന ഉയർന്ന വിഹിതം മഹാമാരിയും വിദേശരാജ്യങ്ങളിലെ പ്രതിസന്ധികളും അടക്കമുള്ള പരിമിതികൾക്കുള്ളിൽ നിന്ന് ഏതാണ്ട് മുഴുവനായും ചിലവഴിക്കാൻ നോർക്ക റൂട്ട്സിന് സാധിക്കുന്നുണ്ട്. പക്ഷേ ലക്ഷങ്ങൾ വരുന്ന പ്രവാസികൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനത്തെ വിപുലീകരിക്കേണ്ടത് അത്യാവിശ്യമാണ്. കൃത്യമായ സ്റ്റാഫിംഗ് സ്ട്രക്ച്ചർ നിലവിലില്ലാത്തതും തൊഴിലാളികളുടെ റിക്രൂട്ട്മെന്റിൽ ഉണ്ടാകുന്ന വെല്ലുവിളികളും നോർക് റൂട്ട്സിന്റെ വിപുലീകരണത്തിന് വെല്ലുവിളിയാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക സമീപനം നോർക്കയുടെ പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾക്ക് വെല്ലുവിളി ഉയർത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ ലോക കേരള സഭ പോലെയുള്ള ബൃഹത് സംവിധാനങ്ങളുടെ കൂടി ഉത്തരവാദിത്വം വഹിക്കുന്ന സ്ഥാപനത്തിന്റെ കാര്യശേഷി അടിയന്തിരമായി ഉയർത്തേണ്ടതുണ്ട്. കൂടാതെ നയപരമായ തീരുമാനങ്ങളിൽ പ്രവാസി പ്രതിനിധികൾക്ക് പുറമേ അന്താരാഷ്ട്ര സംഘടനകൾ ഉൾപ്പെടെയുള്ള സർക്കാരിതര സംവിധാനങ്ങളേയും മറ്റും കൂട്ടിയിണക്കിയുള്ള പ്രവർത്തനവും അനിവാര്യമാണ്.

- വിശ്വസനീയമായ ഡേറ്റയുടെ അഭാവം

മറ്റൊരു പറഞ്ഞു പഴകിയ പ്രശ്നമാണ് വിശ്വസനീയമായ ഡേറ്റയുടെ അഭാവം. പ്രവാസികളെ സംബധിച്ച ഡേറ്റയുടെ പ്രാധാന്യം അന്താരാഷ്ട്ര കുടിയേറ്റ ഉടമ്പടി മുതൽ കഴിഞ്ഞ ലോക കേരള സഭ വരെ പ്രാധാന്യത്തോടെ പ്രതിപാദിക്കുന്നുണ്ട്. കോവിഡ് പ്രതിസന്ധി രൂപപ്പെട്ടപ്പോൾ ഏറ്റവുമാദ്യം ലോകം തിരഞ്ഞത് പ്രവാസികളുടെ കണക്കാണ്. എന്നാൽ ലോകത്തിലെ ഏറ്റവും വലിയ പ്രവാസികളുടെ സ്വദേശമായ ഇന്ത്യയിലെ സർക്കാർ ഇരുട്ടിൽ തപ്പുന്നത് നാം കണ്ടതാണ്. വന്ദേ ഭാരത് മിഷൻ വഴി തിരിച്ചുവന്ന പ്രവാസികളുടെ കണക്കുകൾ പല വിദേശ രാജ്യങ്ങളിലെയും നിലവിലുള്ള കണക്കുകളുടെ പതിന്മടങ്ങായിരുന്നു. യുക്രൈൻ പ്രതിസന്ധിയുടെ സമയത്ത് സർക്കാർ പറഞ്ഞ കണക്കുകളേക്കാൾ മൂന്നു ഇരട്ടി ഇന്ത്യക്കാരാണ് തിരികെയെത്തിയത്. വന്ദേ ഭാരത് മിഷൻ വഴി തിരികെയെത്തിയ പ്രവാസികളുടെ കണക്കുകൾ കേന്ദ്ര സർക്കാർ ശേഖരിച്ചു എന്നാണ് മനസിലാക്കുന്നത്. കോവിഡ് ജാഗ്രത പോർട്ടലിൽ പതിനഞ്ച് ലക്ഷത്തിലധികം പ്രവാസികളുടെ ഡേറ്റ ശേഖരിച്ചിട്ടുണ്ട്. ഇത്തരം ഓൺലൈൻ വിവരശേഖരണം ഒരു മാർഗ്ഗമാണ്. കൂടാതെ കേരള മൈഗ്രേഷൻ സർവ്വേ പോലെയുള്ള സാമ്പിൾ സർവ്വേകൾ ശാസ്ത്രീയമായി നടത്തുന്നതും പരിഗണിക്കാം. ഇത്തരം വിവരശേഖരണം പ്രതിസന്ധികളിൽ മാത്രമല്ല നാടിനെയും പ്രവാസികളെയും സഹായിക്കുന്നത്. തിരികെയെത്തിയ പ്രവാസികളുടെ നൈപുണ്യം അനുസരിച്ചുള്ള ഡേറ്റ ശേഖരണം നാടിൻറെ വികസനത്തിനും കൂടി ഉതകുന്നതാണ്.

- കോവിഡാനന്തര പ്രവാസത്തെ പറ്റിയുള്ള ആകുലതകളും സുഗമവും സുരക്ഷിതവുമായ കുടിയേറ്റം ഉറപ്പുവരുത്തുന്ന പദ്ധതികളുടെ അഭാവവും

ലോക രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധികളും സ്വദേശവൽക്കരണവും ഭാവിപ്രവാസത്തെ പറ്റിയുള്ള ആശങ്കകൾ വർദ്ധിപ്പിച്ച സമയത്താണ് കോവിഡ് മഹാമാരിയുടെയും ഉക്രൈൻ പ്രതിസന്ധിയുടെയും കടന്നു വരവ്. വരുന്ന ഒരു ദശാബ്ദക്കാലത്ത് പ്രവാസിക്ക് ലഭ്യമായ തൊഴിലുകളിൽ നാലിൽ ഒന്നിൻറെ കുറവുണ്ടാകും. കൂടാതെ വിദഗ്ദ തൊഴിലുകളുടെ എണ്ണം കൂടിവരുകയും ചെയ്യും. കോവിഡാനന്തരം ഉയരുന്ന കുടിയേറ്റ ചിലവുകൾ, പുതിയ തൊഴിലിടങ്ങൾ കണ്ടെത്തുന്നതിലെ മെല്ലെപോക്ക്, നൈപുണ്യ വികസനത്തിലെ പാളിച്ചകൾ എന്നിവ കുടിയേറ്റം സ്വപ്നം കാണുന്ന ഏതൊരു മലയാളിക്കും വെല്ലുവിളിയാണ്. നിലവിൽ നൈപുണ്യ വികസനത്തിനോ നവീകരണത്തിനോ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സംവിധാനവും നിലവിൽ മലയാളിക്ക് ലഭ്യമല്ല. വരും നാളുകളിലെ വിദേശ രാജ്യത്തെ തൊഴിൽ ആവശ്യങ്ങൾ മനസിലാക്കി അതിനു ഉതകുന്ന തൊഴിലുകളും പരിശീലനങ്ങളും നടപ്പിലാക്കുവാൻ ഇതുവരെ സർക്കാരുകൾക്ക് സാധിച്ചിട്ടില്ല.

- മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ ജീവിക്കുന്ന മലയാളികളുടെ പ്രശ്നങ്ങൾ

ഇതര സംസ്ഥാനങ്ങളിൽ ജീവിക്കുന്ന മലയാളികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കേരള സർക്കാർ സേവനങ്ങളുടെ അഭാവവും പ്രവാസികളുടെ വിശ്വസനീയമായ കണക്കുകളുടെ അപര്യാപ്തതയുമാണ്. കാര്യക്ഷമമായ വിവരശേഖരണം നടത്തുവാൻ നോർക്കയുടെ മേഖലാ ഓഫീസുകൾ വഴി ശ്രമങ്ങൾ നടത്താവുന്നതാണ്.

കേരളസർക്കാരിന് മറ്റു സംസ്ഥാനങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപടുന്നതിനു ഭരണഘടനാപരമായ പരിമിതികൾ ഉണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമൂഹ്യക്ഷേമം, ക്രമസമാധാനം തുടങ്ങിയ കാര്യങ്ങൾ എല്ലാം തന്നെ അതാത് സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ പെടുന്ന കാര്യങ്ങളാണ്. നിയമപരമായ പരിധികൾക്കുള്ളിൽ നിന്നു കൊണ്ടുള്ള പ്രവർത്തനം മാത്രമെ നമുക്കു ഏറ്റെടുക്കാനാവൂ. അവശത അനുഭവിക്കുന്നവർ, സാമൂഹിക സുരക്ഷാ പദ്ധതികൾ ലഭിക്കുന്നതിൽ തടസ്സം നേരിടുന്നവർ, ഡോമിസൈൽ സർട്ടിഫിക്കറ്റ് പോലെയുള്ള രേഖകൾ ലഭിക്കാൻ ബുദ്ധിമുട്ടുന്നവർ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ പണിയെടുക്കുന്ന കേരളീയർ അനുഭവിക്കുന്നുണ്ട്. കോവിഡ് സമയത്ത് മതിയായ ചികിത്സാ സഹായങ്ങൾ കിട്ടാതെ
ആയിരങ്ങളാണ് കേരളത്തിലേക്ക് മടങ്ങി എത്തിയത്. ഇത്തരത്തിൽ മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെടാൻ കൂടുതൽ നോർക്കാ മേഖലാ ഓഫീസുകൾ സ്ഥാപിക്കേണ്ടത് ദീർഘകാലമായുള്ള ആവശ്യമാണ്.

- സ്ഥിരകുടിയേറ്റം നടത്തിയ മലയാളികളുടെ (ഡയസ്പോറ) പ്രശ്നങ്ങൾ

സ്ഥിര കുടിയേറ്റം നടത്തിയവരിൽ ഒട്ടുമിക്ക മലയാളികളും കേന്ദ്ര സർക്കാരിന്റെ ഒസിഐ കാർഡ് ഉടമകളാണ്. ഇരട്ടപൗരത്വത്തോളം വരുന്ന പല സേവനങ്ങളും അവർക്ക് ലഭിക്കുന്നുമുണ്ട്. എന്നിരുന്നാലും ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ചു മറ്റു നാട്ടുകളിലേക്ക്, പ്രത്യേകിച്ച് വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്ന മലയാളികളുടെ പ്രശ്നങ്ങൾ ഇതുവരെ ചർച്ച ചെയ്ത പ്രശ്നങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. നാട്ടുമായുള്ള ഏകീകരണ സാധ്യതകളും നിക്ഷേപക സാധ്യതകളുമാണ് അവർ കൂടുതലായും ചർച്ച ചെയ്യുന്നത്.

ഒന്നാം ലോക കേരള സഭ ഇത്തരം ഏകീകരണത്തിനായി ചില ശ്രമങ്ങൾ നടത്തിയത് വിസ്മരിക്കാൻ ആകില്ല. കൂടാതെ മലയാളം മിഷൻ ഭാഷയും സംസ്കാരവും വിദേശത്തെ മലയാളി കുട്ടികളിലേക്ക് എത്തിക്കുവാൻ നടത്തുന്ന ശ്രമങ്ങളും ശ്രദ്ധേയമാണ്. പക്ഷേ,

ഇത്തരം ശ്രമങ്ങൾ കൂടുതലായി വിപുലപ്പെടുത്തേണ്ടതുണ്ട്. മഹാപ്രളയ കാലത്തും കോവിഡ് പ്രതിസന്ധിയിലും സ്ഥിരകുടിയേറ്റക്കാരായ മലയാളികളുടെ സഹായം വിലമതിക്കാൻ ആകില്ല. ഇതിനൊക്കെ പകരമായി നടപ്പിലാക്കിയ പദ്ധതികൾക്ക് പുറമേ കൂടുതൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുകൊണ്ടു കേരള വംശജരുടെ സാംസ്കാരിക ഉദ്ഗ്രഥനം ഉറപ്പാക്കേണ്ടതുണ്ട്. പ്രധാനമായും മലയാള ഭാഷ, കല-സാഹിത്യം, സംസ്കാരം തുടങ്ങിയവയുടെ കൈമാറ്റവും പ്രചാരണവുമാണ് സംസ്ഥാന സർക്കാരും ലോകകേരളസഭയും ഉറപ്പാക്കേണ്ടത്. ലോക കേരള സഭയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങളിൽ ഒന്നായിട്ടു കൂടി സാംസ്കാരിക ഉദ്ഗ്രഥന ശ്രമങ്ങൾ ഫലപ്രദമാകുന്നില്ല എന്നതാണ് പ്രധാന വിമർശനം. കൂടാതെ സർക്കാർ ആസൂത്രണം ചെയ്യുന്ന വൈജ്ഞാനിക സമ്പദ് വ്യവസ്ഥക്ക് ഏറ്റവും മുതൽക്കൂട്ടാകുന്ന ഒരു വിഭാഗം വിദേശ രാജ്യങ്ങളിൽ പരിശീലനം സിദ്ധിച്ച സ്ഥിരകുടിയേറ്റക്കാരാണ്. ഇവരുടെ കഴിവുകൾ സംസ്ഥാന വികസനത്തിന് വേണ്ടവിധം ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്നതും പരിഗണിക്കേണ്ട വസ്തുതയാണ്.

**4. ഭാഗം നാല്**

**പ്രവാസവും നാടിൻറെ വികസനവും**

സ്വദേശത്തിൻറെ വികസനത്തിനായി പ്രവാസികൾ നൽകുന്ന സംഭാവനകൾ പ്രവാസി പണത്തിൽ ഒതുങ്ങി നിൽക്കുന്നതല്ല. പ്രവാസികൾ കൈമാറിയ സാമ്പത്തിക-വൈജ്ഞാനിക ആശയങ്ങളും അറിവുകളും വഴി വികസനകുതിപ്പ് നടത്തിയ നിരവധി രാജ്യങ്ങൾ നമ്മുടെ മുന്നിൽ ഉദാഹരണമായുണ്ട്. അകം കേരളത്തിൽ നിന്ന് പുറത്തേക്കും അതുപോലെ അകത്തേക്കും പ്രവാസികൾ വഴി അറിവുകൾ, ആശയങ്ങൾ, നൈപുണ്യങ്ങൾ, സാങ്കേതികവിദ്യ, അഭിരുചികൾ, സാധനങ്ങൾ, സേവനങ്ങൾ, മൂലധനം എന്നിവയുടെ കൈമാറ്റം വളരെ വേഗത്തിലും ക്രമത്തിലും നടന്നുവരുന്നുണ്ട്. ഇത്തരം വ്യവഹാരങ്ങളെ എങ്ങനെ അകം കേരളത്തിന്റെ വികസനത്തിനായി കൂടി ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നത് കഴിഞ്ഞ ലോക കേരള സഭകളുടെ തുടർ പ്രവർത്തനങ്ങൾ നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. പക്ഷെ കോവിഡ് മഹാമാരിയും ആഗോള സമ്പദ് വ്യവസ്ഥയിലെ പുതിയ പ്രവണതകളും പുതിയ വികസന സാധ്യതകൾക്കും സഹകരണത്തിനും വഴി തുറക്കുന്നുണ്ട്. പ്രവാസി സമൂഹം നൽകുന്ന സംഭാവനകളെ കാലാനുസൃതമായി കേരള വികസനത്തിൻറെ നെടുംതൂണാക്കുന്ന ചാലകശക്തിയായി പ്രവർത്തിക്കുവാൻ ലോക കേരള സഭയ്ക്ക് സാധിക്കും.

- വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിൽ പ്രവാസികളുടെ പങ്ക്

കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയായി മാറ്റുന്നതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ 20 ലക്ഷം തൊഴിലന്വേഷകർക്ക് മാന്യമായ തൊഴിൽ ലഭ്യമാക്കുന്നതിനു രൂപീകരിച്ച കേരള നോളെജ് മിഷൻ വഴി സർക്കാർ അഭിമാനകരമായ ഇടപെടലുകളാണ് നടത്തുന്നത്. ആഗോള തൊഴിൽ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് സംഭവിക്കുന്നത്. അവരവരുടെ കഴിവിനും ശേഷിക്കുമനുസരിച്ച് ഇഷ്ടമുള്ളിടത്തുനിന്ന് സൗകര്യപ്രദമായ സമയത്ത് തൊഴിൽ സ്വീകരിച്ച് അതിനുള്ള പ്രതിഫലം പറ്റുന്ന ഗിഗ്, ഫ്രീലാൻസിംഗ്, വിജ്ഞാന തൊഴിലുകൾ ലോകമെമ്പാടും വ്യാപകമാകുകയാണ്.

ഉയർന്ന യോഗ്യതയും നൈപുണ്യവും ഉള്ള തിരികെയെത്തിയ പ്രവാസികൾക്കും മറ്റും പ്രതീക്ഷ നൽകുന്നതാണ് ഈ തീരുമാനം. കോവിഡ് കാലത്ത് തിരികെയെത്തിയ പ്രവാസികൾക്ക് നോളെജ് മിഷൻ വഴി മികച്ച വേതനവും തൊഴിൽ സംരക്ഷണവും ഉറപ്പുവരുത്തുന്ന തൊഴിലുകൾ പ്രദാനം ചെയ്യാൻ സാധിക്കും. കൂടാതെ വളരെ മുന്നേ തന്നെ ഇത്തരം തൊഴിൽ സമ്പ്രദായങ്ങൾ കണ്ടു പരിചയിച്ചവരാണ് പ്രവാസികൾ. പ്രവാസികളുടെ സഹകരണ സാധ്യതകൾ ലോക കേരള സഭ മുൻനിർത്തി വിപുലമായി

ചർച്ച ചെയ്യേണ്ടതാണ്. തൊഴിലെടുക്കുന്നതിനോടൊപ്പം തൊഴിൽദാതാക്കളാകാനും പ്രവാസികൾക്ക് സാധിക്കും.

കേരള സർക്കാർ നിലവിൽ വിവര സാങ്കേതികവിദ്യ, വൈജ്ഞാനിക സമ്പദ് വ്യവസ്ഥ എന്നീ മേഖലയിൽ കേരളത്തിൽ നിന്ന് നേട്ടങ്ങൾ കൈവരിച്ച പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഹൈപവർ ഐറ്റി കമ്മിറ്റിയും ഒരു ഡിജിറ്റൽ അഡ്വൈസറി ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഈ രണ്ട് കമ്മിറ്റികളും കേരളത്തിൽ പ്രസ്തുത മേഖലയിൽ കേരളത്തിന്റെ സാധ്യതകളും വിലയിരുത്തുകയും ആഗോളതലത്തിൽ തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളിൽ പ്രമുഖ സ്ഥാനങ്ങൾ വഹിക്കുന്ന മലയാളികളുടെ ഒരു യോഗം വിളിച്ചുചേർത്ത് പുതിയ സാങ്കേതിക വിദ്യകൾ കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമാകും വിധം വിന്യസിക്കുന്നതിനും അതനുസരിച്ചുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഇത്തരത്തിലുള്ള സമീപനം മറ്റു ചില മേഖലകളിൽ കൂടിയെങ്കിലും കൈക്കൊള്ളാനാകും. സർക്കാരിന്റെ ഇടപെടലുകൾ വികസിത വിദേശ രാജ്യങ്ങളിൽ നിക്ഷേപം നടത്തിയിട്ടുള്ളവർക്കും സംരംഭകകരായിട്ടുള്ളവർക്കും ഇത്തരം നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ അവസരം നൽകും. അവരെ കേരളത്തിലേക്ക് ആകർഷിക്കാനും ആവശ്യമായ പദ്ധതികളും കർമ്മപരിപാടികളും തയ്യാറാക്കാനും നമുക്ക് കഴിയണം. സർക്കാർ സംവിധാനമായ കെ-ഡിസ്ക് മുഖേന പ്രവാസികളുടെ വൈദഗ്ദ്യവും കൂടാതെ നിക്ഷേപവും വൈജ്ഞാനിക സമ്പദ് വ്യവസ്ഥയുടെ നിർമ്മാണത്തിനായി ഉപയോഗിക്കാൻ സാധിക്കും. നിലവിലുള്ള പരിമിതികളെ മറി കടന്നു ലോക കേരള സഭയ്ക്ക് വൈജ്ഞാനിക സമ്പദ് വ്യവസ്ഥയുടെ ചാലക ശക്തിയായി പ്രവർത്തിക്കുവാനുള്ള വഴി ഒരുക്കലാകണം മൂന്നാം ലോക കേരള സഭാ സമ്മേളനം. അത്തരത്തിൽ വൃജ്ഞാനിക സമ്പദ് വ്യവസ്ഥ എന്ന ആശയത്തെ മുന്നോട്ടു നയിക്കുവാൻ മൂന്നാം ലോക കേരള സഭയ്ക്ക് സാധിക്കും.

- പ്രവാസികളുടെ മൂലധന നിക്ഷേപ സാധ്യതകൾ

പ്രവാസി പണത്തിൻറെ ഒഴുക്കു പോലെ തന്നെ പ്രധാനമാണ് പ്രവാസികളുടെ മൂലധനത്തിൻറെ സഞ്ചാരവും. വർഷങ്ങളായി നിരവധി രംഗങ്ങളിൽ പ്രവാസി മൂലധന നിക്ഷേപം കേരളത്തിൽ സംഭവിക്കുന്നുണ്ടെങ്കിലും സാധ്യമാകുന്ന നിക്ഷേപത്തിൻറെ വളരെ കുറച്ചു മാത്രമേ നിലവിൽ കേരളത്തിലേക്ക് എത്തുന്നുള്ളു. എന്നിരുന്നാലും കഴിഞ്ഞ ആറു വർഷങ്ങളായി ക്രിയാത്മകമായ ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നു ഉണ്ടാകുന്നുണ്ട്. പശ്ചാത്തല മേഖലയിലും അടിസ്ഥാന സൗകര്യവികസന മേഖലയിലും (ഉദാഹരണം: റോഡുകൾ, എയർപോർട്ടുകൾ, ദേശീയ ജലപാത, വാർത്താവിനിമയ സംവിധാനങ്ങൾ) വലിയ തോതിലുള്ള നിക്ഷേപങ്ങളാണ് സർക്കാർ നടത്താൻ ഉദ്ദേശിക്കുന്നത്. ഇത് സ്വാഭാവികമായും പൊതുമേഖലയിലായിരിക്കും. ഇവിടെ പ്രവാസികളുടെ നിക്ഷേപം അവർക്ക് മാന്യമായ ലാഭവിഹിതം ഉറപ്പാക്കിക്കൊണ്ട് ക്രൗഡ് ഫണ്ടിംഗ് മാതൃകയിൽ സമാഹരിക്കുന്ന കാര്യം എങ്ങനെ പ്രാവർത്തികമാക്കാം എന്ന് പരിശോധിക്കേണ്ടതുണ്ട്. ഇങ്ങനെ പുതിയ സാധ്യതകളും പുതിയ സാങ്കേതിക വിദ്യകളും ക്രിയാത്മകമായി പ്രയോഗപഥത്തിലേക്ക് എത്തിക്കാനാണ് ഊന്നൽ നൽകേണ്ടത്.

സർക്കാർ പ്രധാനമായും നാല് മേഖലകളിൽ വികസന മിഷനുകൾ ആരംഭിച്ചിട്ടുണ്ട്. ഹരിതകേരളം മിഷൻ ജലസമ്പത്ത് സംരക്ഷിക്കുകയും ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യാൻ ലക്ഷ്യമിടുന്നു. ഇവിടെ വികേന്ദ്രീകൃത ജലശുദ്ധീകരണ/ ശുചീകരണ സങ്കേതങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം ജലസ്രോതസ്സുകളുടെ സംരക്ഷണവും ജലഗുണലഭ്യതയും ഉറപ്പാക്കേണ്ടതുണ്ട്. ഇത്തരം സംവിധാനങ്ങളുടെ ഗുണഭോക്താക്കളാണല്ലോ വികസിത രാജ്യങ്ങളിലെ പ്രവാസികൾ. ചിലരെങ്കിലും ഈ മേഖലയിൽ തന്നെ പ്രവർത്തിക്കുന്നവരുമാകും. ഇത്തരം അറിവും അനുഭവജ്ഞാനവും എങ്ങനെ കേരളത്തിന് ഉപയോഗപ്പെടുത്താം എന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കപ്പെടുമെന്ന് കരുതുന്നു. ശുചിത്വ മാലിന്യ സംസ്കരണവും ഹരിതകേരളമിഷൻ ലക്ഷ്യമിട്ടിട്ടുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്കരണങ്ങളുടെ വികലമായ നടത്തിപ്പ് കേരളത്തിൽ പൊതുവിൽ ഇത്തരം

സംവിധാനങ്ങളോടുള്ള അവിശ്വാസത്തിന് കാരണമായിട്ടുണ്ട്. പക്ഷെ വികസിത രാജ്യങ്ങളിലെ പ്രവാസികൾ ഈ മേഖലയിൽ അവിടുങ്ങളിൽ ഫലപ്രദമായി നടപ്പാക്കുന്ന സംവിധാനങ്ങളുമായി പരിചിതരാണ്. അത്തരം സംവിധാനങ്ങളുടെ പ്രസക്തിയെക്കുറിച്ച് നാട്ടിൽ അവബോധം സൃഷ്ടിക്കാനും, സാങ്കേതിക സഹകരണത്തിനുള്ള സാധ്യതകൾ ഒരുക്കാനും ഇടപെടലുകൾ ആവശ്യമാണ്. വിഷരഹിതമായതും സ്ഥായിയായതുമായ കാർഷികോൽപ്പാദന പ്രവർത്തനങ്ങളും അവയുടെ മൂല്യവർദ്ധനയും ഹരിതകേരളമിഷന്റെ മറ്റൊരു ലക്ഷ്യമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രവാസികൾക്ക് ഇക്കാര്യത്തിൽ പ്രൊഫഷണൽ പിന്തുണാ സംവിധാനങ്ങൾ ലഭ്യമാക്കാനാവും. തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കൃഷി നടത്താൻ തയ്യാറായി വരുന്ന സ്വയം സഹായ സംഘങ്ങൾക്ക് വലിയ ഉത്തേജനമാകും, ഇതിനായി വേണ്ടിവരുന്ന മുതൽ മുടക്ക് പ്രവാസികൾക്ക് തന്നെ ചെയ്യാൻ കഴിഞ്ഞാൽ ഇത്തരം മുതൽ മുടക്കിന്റെ സുരക്ഷിതത്വവും ന്യായമായ ലാഭവിഹിതവും ഉറപ്പാക്കാൻ ആവശ്യമായ രീതിയിൽ വൻകിട ആശുപത്രികളുടെ നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികൾ തയ്യാറാക്കാനാവണം.

ആരോഗ്യ മേഖലയിൽ കുടുംബ ഡോക്ടർ സംവിധാനം തിരികെ കൊണ്ടുവരുന്നത് മുതൽ വൃദ്ധജനപരിപാലനം വരെയുള്ള വിപുലമായ ഇടപെടലാണ് ആർദ്രം മിഷൻ വിഭാവനം ചെയ്യുന്നത്. ഇവിടെയും ആശുപത്രികളിലും രോഗനിർണ്ണയ ഉപകരണങ്ങളിലും വേണ്ട മുതൽ മുടക്ക് പ്രവാസികൾക്ക് ചെയ്യാൻ കഴിയും. സർക്കാർ ഒറ്റത്തവണ മുതൽ മുടക്കുന്നതിന് പരിമിതികൾ നേരിടുമ്പോൾ ഇവിടെ പ്രവാസികൾ മുതൽ മുടക്കിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതോടൊപ്പം ന്യായമായ റിട്ടേൺ ഉറപ്പാക്കാനുള്ള സംവിധാനങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

എറ്റവും ശ്രദ്ധേയവും വെല്ലുവിളികൾ ഉയർത്തുന്നതുമായ ഒരു പദ്ധതിയാണ് ലൈഫ് മിഷൻ. കേരളത്തിൽ സ്വന്തമായി വീടില്ലാത്ത 5.75 ലക്ഷം കുടുംബങ്ങളാണ് ഉള്ളത്. ഇതിൽ ചിലരെങ്കിലും പ്രവാസത്തിന്റെ സാധ്യതകൾ തേടി കിടപ്പാടം പോലും വിറ്റവരാണ്. അടുത്ത മൂന്ന് വർഷം കൊണ്ട് ഇവർക്ക് സുരക്ഷിതമായ ഭവനവും സാമൂഹ്യ പിന്തുണാ സംവിധാനങ്ങളും ജീവനോപാധിയും ഉറപ്പാക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്. നിർമ്മാണ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ, പ്രീഫാബ്റിക്കേറ്റഡ് ഭവനസമുച്ചയങ്ങളുടെ നിർമ്മാണ രീതികൾ എന്നിവ ഉപയോഗിച്ച് കേരളത്തിന്റെ ഭവന നിർമ്മാണ രംഗത്ത് തന്നെ ഘടനാപരമായ മാറ്റങ്ങൾക്ക് വഴിതെളിയിക്കുന്ന രീതിയിലാണ് ലൈഫ് മിഷൻ വിഭാവനം ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ മുതൽ മുടക്കും പ്രൊഫഷണൽ പിന്തുണാ സംവിധാനങ്ങൾ മുതൽ നിർമ്മാണ സാങ്കേതിക രംഗത്തെ നിക്ഷേപങ്ങൾ വരെ പ്രവാസികൾക്ക് പങ്കാളികളാകുന്നതിനുള്ള വലിയ സാധ്യതകൾ തുറന്നു നൽകുന്നുണ്ട്.

അടുത്ത കാലത്തുണ്ടായ ഓഖി ചുഴലിക്കാറ്റ് തീരദേശത്ത് വരുത്തിയ നഷ്ടം കേരള സമൂഹം നേരിട്ട എറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായിരുന്നു. തീരദേശത്തിന്റെ സമഗ്ര വികസനത്തിന് സർക്കാർ ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. മത്സ്യബന്ധന മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രവാസികൾക്ക് അവരുടെ അനുഭവജ്ഞാനം പങ്കുവയ്ക്കുന്നത് വഴി കേരളത്തിന്റെ കണ്ണീരൊപ്പാനും തീരമേഖലയുടെ സമഗ്ര വികസനത്തിന് വഴിതെളിക്കാനും കഴിയും. സർക്കാർ നിശ്ചയമായും മുതൽമുടക്കുമെന്ന് തീരുമാനിച്ചിട്ടുള്ള മേഖലകളാണ് മേൽ പറഞ്ഞവ. ഇവിടെ പ്രവാസി നിക്ഷേപവും വൈദഗ്ധ്യവും ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള കഴിവുള്ള പ്രവാസികൾക്ക് ബന്ധമുള്ള നിർവഹണ ഏജൻസികളുടെ പ്രവർത്തന സാധ്യതയും ഏത് തരത്തിൽ ഉറപ്പാക്കാനാവും എന്ന് പരിശോധിക്കേണ്ടതുണ്ട്. വിദേശ സർക്കാരുകളുടെ സഹായത്തോടെ ഇത്തരം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാവുമോ എന്നും പരിശോധിക്കേണ്ടതാണ്.

പ്രവാസി നിക്ഷേപകർ കാലാകാലങ്ങളായി ആവർത്തിച്ചുപോന്നിരുന്ന ഒരു പ്രധാന ആവശ്യം അവരുടെ നിക്ഷേപങ്ങൾക്കുള്ള സംരക്ഷണവും സംരംഭങ്ങൾ

ആരംഭിക്കാനാവശ്യമായ അനുമതികളും മറ്റും വേഗത്തിൽ ലഭ്യമാക്കാനാകുന്ന ക്രമീകരണവും ആയിരുന്നു. "സിയാൽ" മാതൃക ഇത്തരത്തിലുള്ള നിക്ഷേപസുരക്ഷ ഉറപ്പാക്കുന്ന ഒരു സംവിധാനമായി വിലയിരുത്തപ്പെടുന്നു. ഇതിന്റെ കുറച്ചുകൂടി വിപുലമായ മാതൃകയാണ് കണ്ണൂർ ഏയർപോർട്ടിൽ ദൃശ്യമായത്. ഇത് രണ്ടും സർക്കാർ മുൻകൈ എടുത്ത് ഉണ്ടാക്കിയ മാതൃകകളാണ്. എന്നാൽ ഇത്തരത്തിൽ സമഗ്ര ഇടപെടൽ സാധ്യമാകുമെന്ന് കരുതി രൂപപ്പെടുത്തിയ "ഇൻകൽ" ഇപ്പോഴും കാര്യമായ ചലനങ്ങൾ ഉണ്ടാക്കുന്ന തരത്തിലേക്ക് വളർന്നിട്ടില്ല. അർത്ഥവത്തായ പ്രവാസ പങ്കാളിത്തം സാധ്യമായ പുതിയ പദ്ധതി നിർവ്വഹണ സംവിധാനങ്ങൾ ഏതൊക്കെ രീതിയിൽ പുനക്രമീകരിക്കാം എന്ന ഒരൊറ്റ മേഖലയിൽ ഇത്രയും വൈദഗ്ധ്യമുള്ള പ്രവാസി പ്രൊഫഷണലുകൾ ഉണ്ടായിട്ടുപോലും ഇതുവരെ മൂർത്തമായ സാധ്യതകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നത് ഗൗരവമേറിയ കാര്യമാണ്.

കേരളത്തിലെ പ്രവാസി മൂലധന വളർച്ച ത്വരിതപ്പെടുത്തുവാൻ ലോക കേരള സഭയുടെ ഒന്നാം സമ്മേളനം മുതൽ വിപുലമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. അതിന്റെ ഭാഗമായി, ഒന്നാം ലോക കേരള സഭയുടെ നിർദ്ദേശം എന്ന നിലയിൽ ഓവർസീസ് കേരള ഇൻവെസ്റ്റ്മെൻറ് ഹോൾഡിംഗ് ലിമിറ്റെഡ് എന്ന കമ്പനി രൂപീകരിക്കുകയുണ്ടായി. ടൂറിസം, തുറമുഖം, വിമാനത്താവളം, നിർമ്മാണ മേഖല, പശ്ചാത്തല വികസനം, മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം തുടങ്ങി നിരവധി നിക്ഷേപക സാധ്യതകളിലാണ് കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആദ്യ സംരംഭമായി 'റസ്റ്റ്സ്റ്റോപ്പ്' എന്ന പദ്ധതി അതിൻറെ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ പ്രവാസി ക്ഷേമനിധി ബോർഡിൻറെ കൂടെ സഹായത്തോടെ പ്രവാസികളുടെ നിക്ഷേപം ആകർഷിക്കുന്നതിനു സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള പ്രവാസി ചിട്ടി, പ്രവാസി ഡിവിഡന്റ് പദ്ധതി എന്നീ പദ്ധതികളോടും പ്രവാസികൾ മികച്ച രീതിയിലാണ് പ്രതികരിച്ചത്.

- വിനോദസഞ്ചാര രംഗത്തെ സാധ്യതകൾ

കൊവിഡ് സൃഷ്ടിച്ച പ്രതിസന്ധിയിൽ നിന്ന് കരകയറുവാൻ ടൂറിസം മേഖലയിൽ സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തുന്നുണ്ട്. അതിലേക്ക് വളരെയധികം സഹായം ചെയ്യാൻ കഴിയുന്ന ജനവിഭാഗമാണ് പ്രവാസികൾ. കാഴ്ചകൾക്ക് പുറമേ അറിവ് കൂടി പ്രദാനം ചെയ്യുന്ന രീതിയിൽ പഠന ടൂറിസം വികസിപ്പിക്കുന്നത് കേരളത്തെക്കുറിച്ച് അറിവ് നേടാൻ ആഗ്രഹിക്കുന്ന രണ്ടാം തലമുറ പ്രവാസികൾക്ക് വലിയ അനുഗ്രഹമാണ്. കൂടാതെ സാംസ്കാരിക ടൂറിസം, ടൂറിസം കാരവൻ പദ്ധതി, ഇക്കോ ടൂറിസം, മെഡിക്കൽ ടൂറിസം തുടങ്ങിയ നൂതന പദ്ധതികളെ സർക്കാർ പ്രതീക്ഷയോടെയാണ് കാണുന്നത്.

കേരളീയ പ്രവാസി സമൂഹത്തിൽ നിന്നും ഒന്നോ രണ്ടോ ശതമാനം പേർ ഓരോ വർഷവും കേരളം കാണാൻ വന്നാൽ നമ്മുടെ വിനോദസഞ്ചാര രംഗത്തിനു അത് വലിയ ഉത്തേജനം നൽകും. നമ്മുടെ പ്രവാസി സമൂഹം മനസ്സുവെച്ചാൽ കേരളീയരല്ലാത്തവരേയും കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയും. ഇതിനു നമ്മുടെ വിനോദ സഞ്ചാര വകുപ്പുമായി ചേർന്ന് ലോക കേരള സഭ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. നാട്ടിലേക്ക് വിനോദ സഞ്ചാരികളായി എത്തുന്നതിനോടൊപ്പം തന്നെ ടൂറിസം രംഗത്ത് നിക്ഷേപം നടത്തുവാനായി കൂടി പ്രവാസികളെ ആകർഷിക്കാൻ നമുക്ക് കഴിയണം.

- ഉന്നത വിദ്യാഭ്യാസ രംഗവും പ്രവാസികളും

ഉന്നത വിദ്യാഭ്യാസ മേഖലയിൽ വളരെയധികം സംഭാവനകൾ നൽകുവാൻ പ്രവാസികൾക്ക് സാധിക്കും. നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ബോധന പഠന നിലവാരത്തിന്റെ ഗുണമേന്മ വർധിപ്പിച്ചു ആഗോള സ്ഥാപനങ്ങളോട് കിടപിടിക്കുന്ന സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുവാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇത്തരം സ്ഥാപനങ്ങൾ പി.പി.പി മോഡലിലും സ്വകാര്യമേഖലയിലും സഹകരണ മേഖലയിലും നടപ്പാക്കുന്നതാണ്.

പ്രവാസികൾക്ക്  ഇത്തരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൂലധന നിക്ഷേപം നടത്തുന്നതിന്റെ സാധ്യതകൾ ലോക കേരള സഭയിൽ ചർച്ച ചെയ്യേണ്ടതാണ്. കൂടാതെ പ്രവാസികളുടെ മക്കളെ പ്രധാനമായും സ്ഥിരം പൗരത്വം ലഭിക്കാത്ത രാജ്യങ്ങളിലെ പ്രവാസികളുടെ മക്കളെ ആകർഷിക്കാൻ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാധിക്കണം.

ഇന്ന് ലോകത്തെ മികച്ച സർവ്വകലാശാലകളിലും ലബോറട്ടറികളിലും മറ്റും പണിയെടുക്കുന്ന വലിയൊരു സംഖ്യ മലയാളി പണ്ഡിതരും വിദഗ്ധരുമുണ്ട്. അവരെ നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ മെൻഡർമാരായും ഓണററി അധ്യാപകരയും പ്രയോജനപ്പെടുത്താനാകും. കൂടാതെ സാമൂഹിക ശാസ്ത്ര വിഷയങ്ങളിലും ശാസ്ത്ര സാങ്കേതിക രംഗത്തും വിദേശ സർവ്വകലാശാലകളുമായി സഹകരിച്ച ഫെല്ലോഷിപ്പുകളും  സ്റ്റഡന്റ് എക്സ്ചേഞ്ച് പരിപാടികളും ഏർപ്പെടുത്താനും ലോക കേരള സഭയ്ക്ക് സാധിക്കും.

- തിരികെയെത്തിയ പ്രവാസികളും കേരള വികസനവും

പ്രവാസികളുടെ പ്രശ്നങ്ങളും പ്രവാസ ലോകത്തുണ്ടാകുന്ന മാറ്റങ്ങളും കേരളത്തിൻറെ സാമൂഹികഭൂമികയിൽ ആഴത്തോളം ഇഴചേർന്നിരിക്കുന്നതിനാൽ പ്രവാസികളുടെ വലിയ തോതിലുള്ള മടങ്ങി വരവ് പലപ്പോഴും വാർത്താ പ്രാധാന്യത്തോടെ ചർച്ച ചെയ്യാറുണ്ട്. 1990കളിലെ കുവൈറ്റ് യുദ്ധകാലം മുതൽ  2008ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ സമയത്തും 2011 മുതൽ ഗൾഫ് രാജ്യങ്ങൾ നടപ്പിലാക്കുവാൻ തുടങ്ങിയ സ്വദേശവൽക്കരണ നയങ്ങളുടെ ആരംഭ കാലത്തും കേരളത്തിലേക്ക് പ്രവാസി മലയാളികളുടെ വലിയ തോതിലുള്ള തിരിച്ച വരവ് ഉണ്ടായിട്ടുണ്ട്. കൂടാതെ കഫാല സംവിധാനത്തിൽ നിലനിൽക്കുന്ന തൊഴിലാളി വിരുദ്ധതയും മാന്യമായ തൊഴിലുകളുടെ അഭാവും ഈ ദശകത്തിൽ തിരിച്ചുവരുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനയുണ്ടാക്കി. 2018ലെ കേരളാ മൈഗ്രേഷൻ സർവ്വേ പ്രകാരം ഏതാണ്ട് 13 ലക്ഷം പ്രവാസികൾ തിരികെയെത്തിയിട്ടുണ്ട്. തിരിച്ചുവരുന്നവരുടെ എണ്ണം വർഷംതോറും വർധിക്കുന്നുമുണ്ട്.

നിലവിലെ മഹാമാരി മൂലമുണ്ടായ ആഗോള പ്രതിസന്ധി പ്രവാസികളുടെ മടങ്ങിവരവിനെ ത്വരിതപ്പെടുത്തുന്ന ഒന്നാണെന്ന് നിസംശയം പറയാം. പക്ഷേ, നിലവിലെ പ്രതിസന്ധിയെ ഇതിനു മുൻപ് മലയാളികൾ നേരിട്ട വെല്ലുവിളികളിൽ നിന്നു വ്യത്യസ്തമാക്കുന്നത് രണ്ട പ്രധാന കാരണങ്ങളാലാണ്. പ്രധാനമായി, കൊവിഡ് മുൻഗാമികളായ  മഹാമാരികളിൽ നിന്ന് വ്യത്യസ്തമായി മലയാളി പ്രവാസികൾ കൂടുതലായി കുടിയേറുന്ന ഗൾഫ് രാജ്യങ്ങളെ കാര്യമായി ബാധിച്ച എന്നതാണ്. രണ്ടാമത്തേത് പിൻകാല പ്രതിസന്ധികളിൽ നിന്നു വ്യത്യസ്തമായി കൊവിഡ് പ്രതിസന്ധിമൂലം കേരളത്തിലേക്ക് വളരെ കുറഞ്ഞ സമയം കൊണ്ട് വളരെയധികം പ്രവാസികൾ, പ്രധാനമായും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്നു എന്നതാണ്. നോർക്കാ റൂട്ട്സിൻറെ കൊവിഡ് ജാഗ്രത പോർട്ടലിന്റെ കണക്കുകൾ അധികരിച്ച് 17 ലക്ഷത്തോളം പ്രവാസികളാണ് തിരിച്ചെത്തിയത്.

പുനരധിവാസത്തിന്റെ പ്രധാന ഉത്തരവാദിത്വവും ചുമതലകളും ഏറ്റെടുക്കേണ്ടത് കേന്ദ്രസർക്കാർ ആണെങ്കിലും നാളിതുവരെ പുനരധിവാസത്തിനായി പണം ചിലവഴിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. അതേസമയം ഇന്ത്യയിൽ പ്രവാസികളുടെ പുനരധിവാസത്തിനായി പദ്ധതികൾ നിലവിലുള്ള ഏക സംസ്ഥാനം എന്ന നിലയ്ക്ക് കേരളത്തിലേക്കുള്ള പ്രവാസികളുടെ വലിയ തോതിലുള്ള മടങ്ങി വരവും അതുണ്ടാക്കുന്ന സാമൂഹിക- സാമ്പത്തിക മാറ്റങ്ങളും ഏറ്റവുമുപരി കേരള സർക്കാരിൻറെ നയങ്ങളും ലോകം ഉറ്റു നോക്കുന്നുണ്ട്. സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ മൂന്നിലൊന്നോളം പ്രവാസികളുടെ സംഭാവന ആയതിനാലും വർഷങ്ങളായി കേരളത്തിൻറെ വളർച്ചയിൽ വിലമതിക്കാനാകാത്ത സംഭാവനകൾ നൽകുന്നവരെന്ന നിലയിലും പ്രവാസികളോട് സംസ്ഥാനത്തിന് വളരെ വലിയ ഉത്തരവാദിത്വമുണ്ട്. പ്രവാസികളുടെ മടങ്ങി വരവ് ത്വരിതപ്പെടുന്ന നിലവിലെ സാഹചര്യത്തിൽ

മടങ്ങിയെത്തുന്ന പ്രവാസികളുടെ നിലവിലെ സാമൂഹിക സാമ്പത്തിക സവിശേഷതകളും പുനരധിവാസവും സർക്കാർ പദ്ധതികളും വിലയിരുത്തേണ്ടതുണ്ട്. കൂടാതെ ദീർഘകാല പദ്ധതികളുടെ സഹായത്തോടെ എങ്ങനെ ഈ പ്രതിസന്ധി പരിഹരിക്കാം എന്നതും പ്രധാനമാണ്. ഇത്തരത്തിൽ തിരിച്ചെത്തിയ പ്രവാസികളുടെ നൈപുണ്യവും അറിവും എങ്ങനെ സംസ്ഥാനവികസനത്തിന് ഉപയോഗിക്കാം എന്നതും പരിശോധിക്കേണ്ടതാണ്.

ഒറ്റത്തവണ സാമ്പത്തിക സഹായവും മറ്റ് അടിയന്തിര സഹായങ്ങളും നിലനിർത്തേണ്ടതുണ്ട്. പുനരധിവാസ പദ്ധതികൾ രണ്ട് തരത്തിൽ നടപ്പാക്കണം. ഗൾഫിൽ കുറഞ്ഞകാലം (6 വർഷം വരെ) ജോലിയെടുത്തു തിരിച്ചെത്തിയവർക്കുള്ള സാമ്പത്തിക പുനരധിവാസ പദ്ധതികളും അത് പോലെ ദീർഘകാലം തൊഴിലെടുത്ത് മടങ്ങിയെത്തുന്ന പ്രവാസികൾക്കുള്ള സാമ്പത്തിക-സാമൂഹിക പദ്ധതികളും വ്യത്യസ്തമായി നടപ്പാക്കണം. ഇത്തരം പദ്ധതികളൊക്കെ തന്നെ സുസ്ഥിര-ദീർഘകാല-സഹകരണ പുനരധിവാസ പദ്ധതികളായിരിക്കണം. കോവിഡാനന്തര പുനർനിർമ്മാണത്തിൽ തിരിച്ചെത്തിയ പ്രവാസികളുടെ കഴിവുകൾ ഉപയോഗിക്കാൻ അനുയോജ്യമായ രീതിയിൽ കൂടി പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയും. അവരെ എങ്ങനെ കേരളത്തിന്റെ തൊഴിൽ കമ്പോളത്തിലെക്ക് ആഗിരണം ചെയ്യുവാൻ സാധിക്കും എന്നത് കൂടി വിശദമായ ചർച്ചയ്ക്കു വിധേയമാക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യം ഉള്ളവരുടെ നൈപുണ്യവും മറ്റ് കഴിവുകളും അടങ്ങുന്ന വിവരശേഖരണം അടിയന്തിരമായി നടത്തേണ്ടതുണ്ട്. അതിനായി കേരളത്തിലെ അക്കാദമിക് വിദഗ്ദരുടെയും ലോക കേരള സഭയുടെയും സഹായം ഉപയോഗപ്പെടുത്താം.

- പ്രവാസി സമൂഹവും ഭാവി പ്രവാസവും

കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കിടെ പ്രവാസം മുൻപെങ്ങും ഇല്ലാത്ത വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും പ്രവാസജീവിതം കാംക്ഷിക്കുന്ന നിരവധി മലയാളികൾ ഇന്നുമുണ്ട്. അവരുടെ കുടിയേറ്റത്തെ പരിപോഷിപ്പിക്കുന്നത് സംസ്ഥാനത്തിൻറെ ഭാവി വികസനത്തിന് മുതൽക്കൂട്ടാണ്. ഇനി വരുന്നത് ഹ്രസ്വകാല കുടിയേറ്റങ്ങളുടെ കാലമാണ്. പരമ്പരാഗത ലക്ഷ്യസ്ഥാനങ്ങളും തൊഴിലുകളും മാറി വരുന്നു. ഇത്തരം മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പുതിയ റിക്രൂട്ട്മെന്റ് പദ്ധതികളും നൈപുണ്യ വികസനവും നടപ്പിലാക്കുക എന്നത് ലോക കേരള സഭയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങളിൽ ഒന്നാകണം. ഇക്കാര്യത്തിൽ സംസ്ഥാനത്ത് നോർക്ക റൂട്ട്സ്, ഒഡേപെക് (ODEPEC) തുടങ്ങിയ സ്ഥാപനങ്ങൾ റിക്രൂട്ട്മെന്റ് മേഖലയിൽ മുൻകാലത്തെ അപേക്ഷിച്ച് ഇപ്പോൾ കൂടുതൽ സജീവമായി ഇടപെടുന്നുണ്ട് എന്നത് തീർച്ചയായും അഭിനന്ദനീയമായ കാര്യമാണ്. സ്ഥിരം ലക്ഷ്യസ്ഥാനങ്ങളിൽ നിന്ന് മാറി യുറോപ്യൻ രാജ്യങ്ങൾ, തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് മലയാളി തൊഴിലാളികൾ കൂടുതലായി തൊഴിൽ കുടിയേറ്റങ്ങൾ നടത്തുന്നുണ്ട്. നോർക്ക റൂട്ട്സും ജർമ്മൻ സർക്കാർ ഏജൻസിയായ ഫെഡറൽ എംപ്ലോയ്മെൻറ് ഏജൻസിയും തമ്മിൽ ജർമ്മനിയിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ട്രിപ്പിൾ വിൻ കരാർ, വിദഗ്ധ തൊഴിലാളികൾക്ക് ജപ്പാനിൽ പ്രത്യേക "Status of Residence" ഒരുക്കുന്ന SSW പ്രോഗ്രാം എന്നിവ ഇത്തരം പുതിയ കുടിയേറ്റ അവസരങ്ങളുടെ ചുരുക്കം ചില സാധ്യതകളാണ് തുറക്കുന്നത്. ഇത്തരം അവസരങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ നൈപുണ്യ പരിശീലനംനടത്തുന്നതിനും സർക്കാർ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. . ഇതിലേക്കായി സമഗ്ര റിക്രൂട്ട്മെന്റ് നയം രൂപീകരിക്കുകയും സർക്കാർ ഏജൻസികളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഭാവി പ്രവാസത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുവാൻ ലോക കേരള സഭയ്ക്ക് സാധിക്കും.

ഭാവി പ്രവാസം മുന്നിൽ കണ്ടു ഇടപെടൽ നടത്തേണ്ട മറ്റൊരു മേഖല വിദ്യാർത്ഥികളുടെ കുടിയേറ്റം ആണ്. ഗുണമേന്മയുള്ള വിദ്യാർഥി കുടിയേറ്റം (quality student migration) ഉറപ്പക്കാത്ത പക്ഷം വർഷം തോറും ആയിരക്കണക്കിന് വിദ്യാർഥികൾ വിവിധ ചൂഷണങ്ങൾക്ക് വിധേയരാകുന്നത് തുടരുക തന്നെ ചെയ്യും. ലോക കേരള സഭ വഴി മികച്ച

വിദ്യാഭ്യാസം പ്രധാനം ചെയ്യുന്നതും അംഗീകാരം ഉള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കണ്ടെത്തി ചൂഷണരഹിതമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുവാനും സാധിക്കും.

- പ്രവാസി ഇടപെടലിൻറെ മറ്റു സാധ്യതകൾ

കേരളത്തിൻറെ കലാ-സാംസ്കാരിക സംരക്ഷണത്തിൽ പ്രവാസികൾക്ക് വലിയ പങ്ക് വഹിക്കാൻ സാധിക്കും. കേരളത്തിന്റെ കലാരൂപങ്ങളെ ലോകം മുഴുവൻ വിളംബരം ചെയ്യിക്കാനും അതുവഴി കലാകാരന്മാരെ സഹായിക്കാനും കഴിയുന്നതാണ്. അവയ്ക്കായി അവതരണവേദികൾ ഉണ്ടാക്കാനും അതുവഴി വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിയേണ്ടതുണ്ട്. കേരളത്തിന്റെ തനത് വാദ്യകലാ രൂപങ്ങൾക്ക് വിദേശ വേദികളിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും നമ്മുടെ പ്രവാസി സമൂഹങ്ങളുടെ സഹായം തേടാവുന്നതാണ്.

കേരളത്തെക്കുറിച്ചുള്ള വിവരങ്ങളും, ഭാഷയും, സംസ്കാരവും, വേഷവും, ഭക്ഷണക്രമവും, കലാപാരമ്പര്യവും, കേരളീയ ചികിത്സാരീതികളും, കരകൗശലവസ്തുക്കളും,വാസ്തുവിദ്യയുമെല്ലാം ലോകമെമ്പാടുമെത്തിക്കുന്ന കണ്ണികളായി മാറുവാൻ പ്രവാസികൾക്കു കഴിയുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് സന്നദ്ധരായ വ്യക്തികളെയും, മലയാളി സംഘടനകളെയും അംഗീകരിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതുണ്ട്. ഇതിനായി വിശദമായ കർമ്മപദ്ധതികൾ സംസ്കാരിക, വിനോദസഞ്ചാര, നോർക്ക വകുപ്പുകൾക്ക് സംയുക്തമായി ആവിഷ്കരിക്കാനാവും.

ആധുനിക ലോകത്തിലെ ഏറ്റവും വലിയ വ്യവസായങ്ങളിലൊന്നാണ് ഡിജിറ്റൽ ഡൗൺലോഡ്. സംഗീതം, സിനിമ, ക്ലാസിക് കലാരൂപങ്ങളുടെ വീഡിയോ ചിത്രങ്ങൾ തുടങ്ങിയവ വൻതോതിൽ ഡൗൺലോഡ് ചെയ്യപ്പെടാറുണ്ട്. കേരള കലാമണ്ഡലം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കേരള സർവ്വകലാശാല, കേരള ചലച്ചിത്ര അക്കാദമി, കേരള ഫിലിം ആർകൈവ്സ്, കേരള പുരാ രേഖ വകുപ്പ്, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ തുടങ്ങിയ ഒട്ടനവധി സ്ഥാപനങ്ങളും വകുപ്പുകളും കലാസാഹിത്യസാംസ്കാരിക പ്രാധാന്യമേറിയ നിരവധി സർഗ്ഗസൃഷ്ടികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത സംഗീത, സാഹിത്യ, സിനിമാ ശേഖരത്തിൽ നിന്നും നിശ്ചിത പ്രതിഫലം ഈടാക്കി ആവശ്യക്കാർക്ക് വിതരണം ചെയ്യുവാനുള്ള ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇതുവഴി കേരളത്തിന്റെ സർഗ്ഗാത്മക വ്യവസായവും, സമ്പദ്ഘടനയും പുഷ്ടിപ്പെടുന്നതാണ്. ഇതിനായി സാംസ്കാരിക, ഉന്നത വിദ്യാഭ്യാസ, വിനോദസഞ്ചാര വകുപ്പുകളുടെയും, വിവിധ സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ ഒരു കേന്ദ്രീകൃത സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്.

കൂടാതെ ഒരോ മേഖലയിലെയും മലയാളികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെ മനസ്സിലാക്കാനും നാട്ടിലെ ജനങ്ങളും സർക്കാരുമായി ഇത്തരം വിഷയങ്ങൾ കൈമാറ്റം ചെയ്യുന്നതിനും മാധ്യമങ്ങളെ സംവിധാനങ്ങളെ ഉപയോഗിക്കാനാവണം. ആഗോള റേഡിയോ, യൂട്യൂബ് ചാനൽ, സാമൂഹിക മാധ്യമങ്ങൾ എന്നിവയുടെ അനന്തസാധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്താൻ സംഘടിത ശ്രമങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്.

5. **ഭാഗം അഞ്ച്**

**മൂന്നാം ലോക കേരള സഭയിൽ ചർച്ച ചെയ്യേണ്ട വിഷയ മേഖലകൾ**

ലോക കേരള സഭയിലെ നടക്കുന്ന ഏറ്റവും പ്രധാന ഇടപെടൽ നയരൂപീകരണത്തിന് സഹായകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ്. സഭയിൽ നിർദ്ദേശങ്ങൾ വയ്ക്കാനും സഭയുടെ നിർദ്ദേശങ്ങളോട് പ്രതികരിക്കാനും ലോകകേരള സമൂഹത്തിന്റെ എല്ലാ അംഗങ്ങൾക്കും ബാധ്യതയുണ്ട്. അതിനുള്ള അവസരം സംജാതമാകുന്നത് വിഷയാടിസ്ഥാനത്തിലും മേഖലാ അടിസ്ഥാനത്തിലും സംഘടിപ്പിക്കുന്ന ചർച്ചകൾ വഴിയാണ്. കഴിഞ്ഞ രണ്ടു ലോക കേരള സഭകളിലും സംഭവിച്ചത് പോലെ തിരഞ്ഞെടുത്ത വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചകൾ ഇത്തവണയും ഉണ്ടാകും. വിഷയ

മേഖലകളിലെ ചർച്ചകൾ ഫലവത്താകുവാൻ വിഷയാടിസ്ഥാനത്തിലുള്ള കുറിപ്പുകൾ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്. കൂടാതെ ഓരോ വിഷയങ്ങളിലും ചുമതലപ്പെട്ട മന്ത്രിമാരും സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരും മറ്റ വിദഗ്ദരും ചർച്ചകളിൽ പങ്കാളികളാകും. ചർച്ചയ്ക്ക് വരുന്ന ഒട്ടേറെ കാര്യങ്ങൾ നയപരമായ തീരുമാനങ്ങളും നിയമനിർമ്മാണവും ആവശ്യമുള്ളവയാണ്. അതിൽ പലതും അന്തർദേശീയ തലത്തിലും ദേശീയ തലത്തിലും തീരുമാനമെടുക്കേണ്ട കാര്യങ്ങളായിരിക്കും. വിശദമായ പഠനങ്ങളുടെ പിന്തുണയോടെ കാര്യക്ഷമമായ ലോബിയിംഗും അഭിപ്രായ രൂപീകരണവും നടത്തിക്കൊണ്ടു മാത്രമെ ദേശീയതലത്തിലും സാർവ്വദേശീയതലത്തിലും അനുകൂലമായ തീരുമാനങ്ങൾ എടുപ്പിക്കാൻ കഴിയു. ഇത്തരമൊരു പരിശ്രമത്തിനു സംസ്ഥാന സർക്കാരിനു നേതൃത്വം നൽകാൻ കഴിയും. ഈ പ്രവർത്തനങ്ങൾ ലോകകേരളസഭയുടെ സെക്രട്ടറിയേറ്റ് ഏകോപിപ്പിക്കും. പ്രവാസികൾക്കു പ്രാധാന്യമുള്ള സംസ്ഥാന സർക്കാരുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാർ, കരടുനിയമങ്ങൾ തയ്യാറാക്കൽ, അന്തർദേശീയ ഏജൻസികളുമായി സഹകരിച്ചുകൊണ്ടുള്ള പഠനങ്ങൾ, സെമിനാറുകൾ തുടങ്ങിയവ ഏറ്റെടുക്കാൻ കഴിയും. കൂടാതെ ചർച്ചയിൽ നിന്ന് ഉരുത്തിരിയുന്ന നിർദ്ദേശങ്ങളിൽ പലതും സംസ്ഥാനത്തിന് അകത്തു തീരുമാനം എടുക്കേണ്ടതാണ്. മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും സാനിധ്യം വകുപ്പുകൾ തമ്മിലുള്ള ഏകോപന സാധ്യകൾ വർധിപ്പിക്കും. നിലവിലുള്ള കുടിയേറ്റ സാഹചര്യങ്ങളും സർക്കാരിന്റെ വികസന താല്പര്യങ്ങളും പരിഗണിച്ചു എട്ടു വിഷയ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ വിവിധ ഭൂമിശാസ്ത്രപരമായ മേഖലളെ അധികരിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രതിനിധികളെ ഏഴു ഗ്രൂപ്പുകളായി തിരിച്ചും ചർച്ച സംഘടിപ്പിക്കുന്നുണ്ട്. വിദഗ്ദരേയും പ്രവാസി പ്രതിനിധികളെയും പങ്കെടുപ്പിച്ചു നടത്തിയ ചർച്ചകളെ അടിസ്ഥാനപ്പെടുത്തി താഴെക്കാണുന്ന വിഷയ മേഖലകളെ തിരഞ്ഞെടുത്തു.

1. വൈജ്ഞാനിക സമ്പദ് വ്യവസ്ഥയുടെ രൂപീകരണത്തിൽ പ്രവാസികളുടെ പങ്ക്
2. നവകേരള നിർമ്മാണത്തിന് സഹായകമാകുന്ന പ്രവാസി നിക്ഷേപക സാധ്യതകൾ
3. ഭാവി പ്രവാസം – നൈപുണ്യ വികസനവും പുതിയ തൊഴിലിടങ്ങളും
4. സർക്കാരിൻറെ പ്രവാസികൾക്കായുള്ള പദ്ധതികളുടെ വിലയിരുത്തൽ & പ്രവാസി പുനരധിവാസം – വെല്ലുവിളികളും നൂതന ആശയങ്ങളും
5. പ്രവാസികൾ വിദേശരാജ്യത്ത് നേരിടുന്ന വെല്ലുവിളികളും പരിഹാര മാർഗ്ഗങ്ങളും & പ്രവാസവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരും അന്താരാഷ്ട്ര സംഘടനകളുമായുള്ള സഹകരണ സാധ്യതകൾ
6. പ്രവാസവും സാംസ്കാരിക വിനിമയ സാധ്യതകളും
7. സ്ത്രീ കുടിയേറ്റം – ഭാവി സാധ്യതകൾ
8. ഇതര സംസ്ഥാനത്തുള്ള മലയാളി പ്രവാസികളുടെ പ്രശ്നങ്ങൾ

കൂടാതെ ഏഴു മേഖലാ തല ചർച്ചകളും സഭയിൽ സംഘടിപ്പിക്കും. ഏഴു മേഖലകൾ ചുവടെ ചേർക്കുന്നു.

1. പശ്ചിമേഷ്യൻ രാജ്യങ്ങൾ
2. ഏഷ്യയിലെ ഇതര രാജ്യങ്ങളും പസഫിക് രാജ്യങ്ങളും
3. യൂറോപ്പ്
4. അമേരിക്കൻ രാജ്യങ്ങൾ
5. ആഫ്രിക്ക
6. ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾ
7. തിരികെ എത്തിയ പ്രവാസികൾ

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന 15 മേഖലാ ചർച്ചകളിൽ നിന്ന് ഉരിത്തിരിയുന്ന ആശയങ്ങൾ കൂടി ഉൾക്കൊള്ളിച്ച ശേഷമേ ഈ സമീപന രേഖ പൂർണ്ണമാകുകയുള്ളൂ. ലോക കേരളത്തെ മുന്നോട്ടു നയിക്കുന്ന സമ്പുഷ്ടമായ ചർച്ചകൾക്ക് മൂന്നാം ലോക കേരള സഭ സാക്ഷ്യം വഹിക്കുമെന്ന പ്രത്യാശയോടെ സമീപന രേഖ ലോക കേരള സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

******************************

ലോക കേരള സഭ

കേരള സർക്കാർ